# കുട്ടികൾക്കുള്ള നാൽപത് ഹദീസുകൾ

മുഹമ്മദ് ഇബ്നു സുലൈമാൻ
ഇബ്നു അബ്ദുല്ലാഹ് അൽ മുഹന്ന



# കുട്ടികൾക്കുള്ള നാൽപത് ഹദീസുകൾ

മുഹമ്മദ് ഇബ്നു സുലൈമാൻ ഇബ്നു അബ്ദുല്ലാഹ് അൽ മുഹന്ന

ⓗ جمعية الدعوة والإرشاد وتوعية الجاليات بالربوة ، ١٤٤٥هـ

المهنا ، محمد بن سليمان
الأربعون الولدانية: أربعون حديثاً صحيحاً مع شرحها باللغة
المليالم. / محمد بن سليمان المهنا ؛ مركز أصول - ط١. .- الرياض ،
١٤٤٥هـ

١٠٤ ص ؛ ..سم

رقم الإيداع: ١٤٤٥/١٩٢٠٠
ردمك: ٩٧٨-٦٠٣-٨٤٣٨-٠٢-٢

This book has been conceived, prepared and designed by the Osoul Centre. All photos used in the book belong to the Osoul Centre. The Centre hereby permits all Sunni Muslims to reprint and publish the book in any method and format on condition that 1) acknowledgement of the Osoul Centre is clearly stated on all editions; and 2) no alteration or amendment of the text is introduced without reference to the Osoul Centre. In the case of reprinting this book, the Centre strongly recommends maintaining high quality.

+966 11 445 4900

+966 11 497 0126

P.O.BOX 29465 Riyadh 11457

www.osoulcenter.com

بسم الله الرحمن الرحيم

# ആമുഖം

اَلْحَمْدُ لِلَّهِ رَبِّ الْعَالَمِينَ, وَالصَّلَاةُ وَالسَّلَامُ عَلَى نَبِيِّنَا مُحَمَّدٍ , وَ عَلَى الِهِ وَصَحْبِهِ أَجْمَعِينَ, أَمَّا بَعْد:

(നാല്പതുകൾ) എന്ന പേരിൽ പണ്ഡിതന്മാർ ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. വിജ്ഞാന കുതുകികൾക്ക് ഹദീസ് മനഃപാഠമാക്കാനും അതിന്റെ ആശയത്തിലേക്ക് ഇറങ്ങി ചെന്ന് അവഗാഹം നേടാനുമുതകുന്ന നിലക്ക് ഇമാം നവവി ക്രോഡീകരിച്ച 'ഇമാം നവവിയുടെ നാല്പത് ഹദീസുകൾ' എന്ന ഗ്രന്ഥമാണ് അതിൽ ഏറ്റവും പ്രസിദ്ധമായിട്ടുള്ളത്.

ശൈഖ് ഹർവിയുടെ 'അൽ അർബഈന ഫീ ദലാഇലു തൗഹീദ്', ഇബ്നുൽ മുഫദ്ദലിന്റെ 'അൽ അർബഈനൽ ഇലാഹിയ്യ' ഇബ്നുൽ അസാക്കിറിന്റെ 'അൽ അർബഈനൽ ബുൽദാനിയ്യ' തുടങ്ങിയവയും നാല്പത് ഹദീസുകൾ ക്രോഡീകരിച്ച രചനകളാണ്.

ഇവിടെ ചെറിയ കുട്ടികൾക്ക് മനഃപാഠമാക്കാനും മനസ്സിലാക്കാനും സാധിക്കുന്ന മതപരമായി വൈവിധ്യങ്ങളായ വിഷയങ്ങളെ പ്രതിപാദിക്കുന്ന ചെറിയ നാല്പത് ഹദീസുകൾ ഞാൻ ക്രോഡീകരിക്കുന്നതിലേക്ക് അല്ലാഹു എന്നെ ആദരിച്ചിരിക്കുന്നു. ചെറിയ കുട്ടികൾക്ക് വേണ്ടി ക്രോഡീകരിച്ചതിനാൽ തന്നെ ഇതിന് 'അൽ അർബഈന അൽ വിൽദാനിയ്യ' (കുട്ടികൾക്കുള്ള നാല്പത് ഹദീസുകൾ) എന്ന് ഞാൻ ഇതിന് നാമകരണം നടത്തുകയും ചെയ്തിരിക്കുന്നു.

ഹദീസ് ലോകത്തെ മഹാ പണ്ഡിതരായ ഇമാം ബുഖാരി(റ)യും മുസ്‌ലിമും (റ) യോജിച്ച് റിപ്പോർട്ട് ചെയ്തതോ അവരിൽ ഒരാൾ റിപ്പോർട്ട് ചെയ്തതോ ആയ ഹദീസുകൾ മാത്രമാണ് ഞാൻ ഈ രചനയിൽ ഉൾകൊള്ളിച്ചിട്ടുള്ളത്.

رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنْتَ السَّمِيعُ الْعَلِيمُ، وَتُبْ عَلَيْنَا إِنَّكَ أَنْتَ التَّوَّابُ الرَّحِيمُ. وَ اغْفِرْ لَنَا وَلِوَالِدَيْنَا وَلَاحِبَابُنَا وَلِجَمِيعِ الْمُسْلِمِينَ. وَصَلَ وَسَلَّمَ عَلَى نَبِيِّنَا مُحَمَّدٍ. وَ عَلَى الِهِ وَصَحْبِهِ أَجْمَعِينَ


**മുഹമ്മദ് ഇബ്നു സുലൈമാൻ ഇബ്നു അബ്ദുല്ലാഹ് അൽ മുഹന്ന**

**റിയാദ്**

**Muhammad ibn Sulayman ibn Abdullah al-Muhanna**

**Riyadh**

**00966505490525**

**Twitter: @almohannam**

**E-mail: almohanna.m@gmail.com**

# പുസ്തകത്തെ കുറിച്ച് ആറ് സൂചനകൾ

1. ഈ പുസ്തകം കുട്ടികൾക്കും മുതിർന്നവർക്കും അനുയോജ്യമായതാണ്. ഇതിൽ ആയത്തുകളോ ഹദീസുകളോ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിലെ ഉപകാരപ്രദമായ ഉദ്ദരണികളോ ആശയങ്ങളോ മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

2. മനഃപാഠമാക്കുന്നതിന് സൗകര്യപ്പെടാൻ വേണ്ടിയാണ് ചെറു ഹദീസുകൾ തിരഞ്ഞെടുത്തിട്ടുള്ളത്, ഇതിൽ നിന്നുള്ള ഉപകാരം മഹത്തരമാകുവാൻ വേണ്ടി വൈവിധ്യമാർന്ന വിഷയങ്ങളും തിരഞ്ഞെടുത്തിരിക്കുന്നു.

3. ഈ പുസ്തകത്തിന്റെ അവസാനത്തിൽ ഹദീസുകൾ ക്രമത്തിൽ ഞാൻ പട്ടികപ്പെടുത്തിയിട്ടുണ്ട്, അതു വഴി ഇത് മനഃപാഠമാക്കാനും അവലോകനം ന ടത്താനും എളുപ്പവും സഹായകരവുമാകും.

4. പ്രധാനമായും ഈ നാല്പത് ഹദീസുകൾ ക്രോഡീകരിച്ചിട്ടുള്ളത് കുട്ടികൾ അത് മനഃപാഠമാക്കണം എന്ന ലക്ഷ്യത്തോടെയാണ്. അത് കൊണ്ട് തന്നെ ഇതിന്റെ അടിസ്ഥാനത്തിൽ വീടുകളിലും മദ്റസകളിലും കൂട്ടായ്മകളിലും മറ്റും മനഃപാഠ മത്സരങ്ങളും പ്രോഗ്രാമുകളും സംഘടിപ്പിക്കണമെന്ന് താത്പര്യപ്പെടുന്നു.

5 മാതാപിതാക്കളും അധ്യാപകരും കുട്ടികളോടൊപ്പം ഇത് വായിക്കുന്നതിലൂടെ മനഃപാഠമാക്കുന്നതിന് മുമ്പായി കുട്ടികൾക്ക് ഇതിന്റെ ശരിയായ വായന മനസ്സിലാക്കാനും ഈ ഹദീസുകളിൽ അടങ്ങിയിക്കുന്ന ഇസ്‌ലാമിക മര്യാദകൾ പഠിക്കാനും സാധിക്കും.

6 ഹദീസുകളുടെ വിശദീകരണത്തിൽ ഞാൻ പല ആശയങ്ങളും പാഠങ്ങളും നിർദ്ദേശങ്ങളും സൂചിപ്പിച്ചിട്ടുണ്ടെങ്കിലും, അതിൽ പരാമർശിക്കപ്പെടാത്ത നിരവധി ആശയങ്ങളും പാഠങ്ങളും നിർദ്ദേശങ്ങളും കൂടിയുണ്ട്.

'അൽ അർബഈന അൽ വിൽദാനിയ്യ' (കുട്ടികൾക്കുള്ള നാല്പത് ഹദീസുകൾ) എന്ന ഈ രചനയിലെ മുഴുവൻ ഹദീസുകൾക്കും ഈയുള്ളവൻ വിശദീകരണ കുറിപ്പ് എഴുതിയിട്ടുള്ളത് അതിന്റെ ഉദ്ദേശം പൂർണമായും ലഭിക്കുന്ന നിലക്കും, എന്നാൽ എന്റെ കഴിവിന്റെ പരമാവധി ചുരുക്കിയും ആശയ വ്യക്തതയോടെയും എളുപ്പമുള്ള വാചക ഘടനയോടെയുമാണ്.

ഈ സദുദ്യമം അല്ലാഹു സ്വീകരിക്കണമെന്നും ശേഷം ഒറ്റക്കും കൂട്ടമായും ഉള്ള വായനകളിലൂടെയും മനഃപാഠമാക്കിയും പഠിച്ചും പള്ളികളിലും മദ്റസകളിലും കൂട്ടായ്മകളിലും വീടുകളിലും സംഘടിപ്പിക്കുന്ന വൈജ്ഞാനിക മത്സരങ്ങളിലൂടെയും ജനങ്ങളും ഇത് സ്വീകരിക്കണമെന്നുള്ള വലിയ ശുഭ പ്രതീക്ഷയോടെയും ആഗ്രഹത്തോടെയുമാണ് ഇത് ഞാൻ സമർപ്പിക്കുന്നത്.

# 1

അബ്ദുള്ളാഹ് ബ്നു ഉമർ(റ)വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു; റസൂൽ(സ) പറഞ്ഞിരിക്കുന്നു: "അഞ്ചു കാര്യങ്ങളിൻമേലാണ് ഇസ്‌ലാം സ്ഥാപിതമായിരിക്കുന്നത്. അല്ലാഹു അല്ലാതെ ഒരു ഇലാഹുമില്ലെന്നും മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുക, നമസ്കാരം നിർവഹിക്കുക, സക്കാത്ത് നൽകുക, ഹജ്ജ് നിർവഹിക്കുക, റമദാനിൽ വ്രതം അനുഷ്ഠിക്കുക." (ബുഖാരി. 8, മുസ്‌ലിം. 16)

## വിശദീകരണം:

ഇസ്ലാം മതത്തിലെ നിർബന്ധ ബാധ്യതകളിൽ പെട്ട അതിപ്രധാന അഞ്ച് കാര്യങ്ങളെ കുറിച്ചാണ് നബി(സ) ഈ വചനത്തിൽ വ്യക്തമാക്കുന്നത്. ഈ കാര്യങ്ങൾ 'ഇസ്‌ലാം കാര്യങ്ങൾ' എന്ന് വിളിക്കപ്പെടുന്നു.

ഒന്ന്: അല്ലാഹു അല്ലാതെ ഒരു ഇലാഹുമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കൽ. സുപ്രധാനമായ സ്തംഭമാണിത്. 'അല്ലാഹു അല്ലാതെ യാതൊരു ഇലാഹില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു' എന്ന് ഒരാൾ ഹൃദയം കൊണ്ട് വിശ്വസിക്കുകയും നാവ് കൊണ്ട് പറയുകയും ചെയ്താൽ അയാൾ ഇസ്‌ലാം മത വിശ്വാസിയായിതീരുന്നു.

രണ്ട്: നമസ്കാരം നിർവഹിക്കൽ. രണ്ട് സത്യ സാക്ഷ്യങ്ങൾ കഴിഞ്ഞുള്ള അതിമഹത്തായ സ്തംഭമാണത്. അതിനാലാണ് നബി(സ) അവരണ്ടിനും ശേഷമായി നമസ്കാരം പരാമർശിച്ചത്.


മൂന്ന്: സകാത്ത്. ശരീഅത്ത് നിഷ്കർഷിക്കുന്ന നിശ്ചിത ശതമാനം ധനം നിർബന്ധമായി ദാനം നൽകുന്നതിനാണ് സക്കാത്ത് എന്ന് പറയുന്നത്. അഗതികൾ, ദരിദ്രർ

തുടങ്ങിയ അതിന്റെ എല്ലാ അവകാശികൾക്കും സക്കാത്ത് നൽകൽ മുസ്‌ലിമിന്റെ നിർബന്ധ ബാധ്യതയാണ്.

നാല്: റമദാനിൽ നോമ്പ് അനുഷ്ഠിക്കൽ. ഒഴികഴിവുകൾ ഉള്ളവരൊഴികെ എല്ലാ മുസ്‌ലിംകളും റമദാൻ മാസം മുഴുവൻ നോമ്പനുഷ്ഠിക്കൽ നിർബന്ധമാണ്.

അഞ്ച്: അല്ലാഹുവിന്റെ വിശുദ്ധ ഗേഹം ലക്ഷ്യമാക്കിയുള്ള തീർഥയാത്ര. സാഹചര്യങ്ങൾ അനുകൂലമായ ഓരോ വ്യക്തിക്കും ആയുസിലൊരിക്കൽ ഹജ്ജ് നിർവഹണം നിർബന്ധ കടമയാണ്.

ഇസ്‌ലാം മതം സ്ഥാപിതമായ പഞ്ച സ്തംഭങ്ങളാണിവ. വിശ്വാസ കാര്യങ്ങൾ ചർച്ച ചെയ്യുന്ന ഗ്രന്ഥകളിലും കർമശാസ്ത്ര ഗ്രന്ഥങ്ങളിലും അവ ഓരോന്നിന്റെയും വിധി വിലക്കുകൾ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.



# 2

അനസ് ബ്ൻ മാലിക്(റ) വിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു; നബി(സ) യോട് വൻപാപങ്ങൾ സംബന്ധിയായി ചോദിക്കപ്പെട്ടു. അപ്പോൾ അവിടുന്ന് പറഞ്ഞു: "അല്ലാഹുവിൽ പങ്ക് ചേർക്കുക, മാതാപിതാക്കളോട് അനുസരണക്കേട് കാണിക്കുക, കൊല ചെയ്യുക, കള്ള സാക്ഷ്യം വഹിക്കുക എന്നിവയാണത്."
(ബുഖാരി 2653, മുസ്‌ലിം 88)

## വിശദീകരണം:

വൻപാപങ്ങളായ നാല് കാര്യങ്ങളാണ് ഈ വചനത്തിലൂടെ നബി(സ) നമുക്ക് പഠിപ്പിച്ചു തരുന്നത്. ആ നാല് കാര്യങ്ങൾ ഇവയാണ്:

(1) ഒന്ന്: അല്ലാഹുവിൽ പങ്ക് ചേർക്കുക;ഒരു മുസ്‌ലിം ഇസ്ലാമിൽ നിന്ന് ഭ്രഷ്ടനായി അവിശ്വാസിയായി മാറുവാൻ കാരണമാകുന്ന തിന്മയാണ് ശിർക്ക്. നിത്യ നരക ഹേതുവുമാണത്. അല്ലാഹു പറയുന്നു: "അല്ലാഹുവോട് വല്ലവനും പങ്കു ചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല"
(സൂ. മാഇദ :72)

(2) രണ്ട്: മാതാപിതാക്കളോട് അനുസരണക്കേട് കാണിക്കുക; മാതാപിതാക്കളെ ഉപേക്ഷിക്കുക, അവരുമായി ബന്ധം വിഛേദിക്കുക, വാചാ കർമണാ അവരെ ഉപദ്രവിക്കുക, അനുസരിക്കാതിരിക്കുക, വിവിധ രൂപത്തിൽ പ്രയാസപ്പെടുത്തുക ഇവയെല്ലാം ഇതിന്റെ പരിധിയിൽ വരും.

(3) മൂന്ന്: കൊല ചെയ്യുക; അല്ലാഹുവിന്റെ കോപത്തിന് കാരണമാവുന്നതും നരക ഹേതുകവുമായ വലിയ അപരാധമാണ് നിരപരാധികളെ വധിച്ചു കളയുക എന്നത്. അല്ലാഹു പറയുന്നു: "ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവ്വം കൊലപ്പെടുത്തുന്ന

പക്ഷം അവന്നുള്ള പ്രതിഫലം നരകമാകുന്നു. അവനതിൽ നിത്യവാസിയായിരിക്കും. അവന്റെ നേരെ അല്ലാഹു കോപിക്കുകയും, അവനെ ശപിക്കുകയും ചെയ്തിരിക്കുന്നു. കനത്ത ശിക്ഷയാണ് അവന്നുവേണ്ടി അല്ലാഹു ഒരുക്കിവെച്ചിട്ടുള്ളത്'' (സൂ. നിസാഅ്: 93)

(4) നാല്: കള്ള സാക്ഷ്യം; الزور എന്നാൽ കളവ് എന്നർഥം. ആരെങ്കിലും അപരനെതിരിൽ കള്ള സാക്ഷ്യം വഹിക്കുന്നത് കടുത്ത അപരാധവും തെറ്റായ വർത്തമാനവുമാണ്.

ഒരു മുസ്ലിം എല്ലാ സമയത്തും സത്യസന്ധനായിരിക്കണം. സത്യ സാക്ഷ്യം ആ സത്യസന്ധതയുടെ ഭാഗമാണ്. ആയതിനാൽ, കോടതിയിലോ അല്ലാതെയോ സാക്ഷ്യം വഹിക്കേണ്ടി വരുമ്പോൾ മഹാപാപങ്ങളിൽപ്പെട്ട ഈ തിന്മയിലകപ്പെടാതിരിക്കാനായി കളവുകൾ വർജിച്ച് സത്യത്തിന് വേണ്ടി മാത്രം സാക്ഷ്യം നിൽക്കുക.

# 3

അബ്ദുല്ലാഹ് ബിൻ അംറ്(റ) വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: "ഏതൊരുവന്റെ നാവിൽ നിന്നും കരങ്ങളിൽ നിന്നുമാണ് മുസ്ലിംകൾ സുരക്ഷിതരാകുന്നത് അവനാണ് (യഥാർഥ) മുസ്‌ലിം." (ബുഖാരി 10, മുസ്ലിം 41)

## വിശദീകരണം:

ഒരു മുഅ്മിനിന്റെ ഈമാനിൽ ശക്തിയും ദുർബലതയും ഉണ്ടാവുന്നത് പോലെ ഒരു മുസ്‌ലിമിന്റെ ഇസ്‌ലാമിൽ ശക്തിയും ദുർബലതയും ഉണ്ടാവും.


അതിനാൽ ഇസ്‌ലാമിന്റെ ശക്തി, പൂർണ്ണത എന്നിവയാൽ സവിശേഷിതനായ മുസ്‌ലിമാണ് ഏറ്റവും മികച്ച മുസ്‌ലിം, കാരണം അല്ലാഹു ഇഷ്ടപ്പെടുന്നതും തൃപ്തിപ്പെടുന്നതുമായ സമ്പൂർണ്ണ ഇസ്‌ലാമാണ് അവന്റേത്.

തന്റെ നാവും കൈകളും കാത്തുസൂക്ഷിക്കുന്നവനും അവയാൽ ഇതര മുസ്ലീങ്ങളെ ഉപദ്രവിക്കാത്തവനുമാണ് യഥാർത്ഥ മുസ്ലീം എന്നാണ് നബി(സ)യുടെ ഈ വചനം പഠിപ്പിക്കുന്നത്.

കാരണം, നാവിനാൽ അവനവരെ ഉപദ്രവിക്കുന്നില്ല, അധിക്ഷേപിക്കുകയോ ദൂഷിക്കുകയോ ചെയ്യുന്നില്ല. കരങ്ങളാൽ അവരോട് അതിക്രമം കാണിക്കുന്നില്ല. ഉപദ്രവിക്കുകയോ പീഡിപ്പിക്കുകയോ ചെയ്യുന്നില്ല. മുസ്‌ലിംകൾ അവന്റെ നാവിൽ നിന്നും

കൈകളിൽ നിന്നും സുരക്ഷിതരാണ്. ഇസ്‌ലാം സമ്പൂർണ്ണമായവന്റെ സവിശേഷതയാണത്.

നാവ് കൊണ്ടും കരങ്ങൾ കൊണ്ടും മുസ്ലീങ്ങളെ ദ്രോഹിക്കുന്നവൻ മതത്തിൽ അപൂർണനും വിശ്വാസത്തിൽ ദുർബലനുമാണ്. അത്യുന്നതനായ അല്ലാഹുവിന്റെ അപ്രീതിക്ക് പാത്രമായവനുമാണ്.



# 4

അബൂ ഹുറയ്റ (റ) വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: 'കപട വിശ്വാസിക്ക് മൂന്ന് ലക്ഷണങ്ങളുണ്ട്. സംസാരിച്ചാൽ കളവ് പറയുക, വാഗ്ദത്തം ചെയ്താൽ ലംഘിക്കുക. വിശ്വസിച്ചാൽ ചതിക്കുക.' (ബുഖാരി 33, മുസ്ലിം 59)

## വിശദീകരണം:

അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും ദുഷിച്ചവരത്രെ കപട വിശ്വാസികൾ. പരലോകത്ത് അവരുടെ സ്ഥിതിയെ കുറിച്ച് അല്ലാഹു നമുക്ക് അറിയിച്ചു തരുന്നുണ്ട്. അല്ലാഹു പറയുന്നു: 'തീർച്ചയായും കപടവിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലാകുന്നു.' (സൂ. നിസാഅ്: 145)


യഥാർഥ വിശ്വാസികൾ ജാഗ്രതയോടെ അകന്ന് നിൽക്കാൻ വേണ്ടിയാണ് നബി(സ) കപട വിശ്വാസിയുടെ അടയാളങ്ങളിൽ ഉൾപ്പെടുന്ന മൂന്ന് സ്വഭാവങ്ങൾ ഈ വചനത്തിലൂടെ പ്രതിപാദിക്കുന്നത്.

1. ഒന്നാമത്തെ അടയാളം: കളവ് പറയുക.
2. രണ്ടാമത്തെ അടയാളം: വാഗ്ദത്ത ലംഘനം.
3. മൂന്നാമത്തെ അടയാളം: വിശ്വാസ വഞ്ചന.

ഈ മൂന്ന് വിശേഷണങ്ങളും കപടവിശ്വാസികളുടേതാണ്. എന്നാൽ ഒരു സത്യവിശ്വാസി സംസാരത്തിൽ സത്യസന്ധത പുലർത്തുന്നവനാണ്. അവൻ കളവ് പറയില്ല. അരോടെങ്കിലും വാഗ്ദത്തം ചെയ്താൽ അത് പാലിക്കുന്നവനാണ്. അവൻ അത് ലംഘിക്കുകയില്ല. ആരെങ്കിലും

വല്ലതും വിശ്വസിച്ചേൽപ്പിച്ചാൽ സംശയമോ നീട്ടിവെക്കലോ കാലതാമസമോ കൂടാതെ അവനത് നിർവഹിക്കും.

അപ്രകാരം മറച്ചു വെക്കേണ്ടതായ വല്ല വാർത്തയോ രഹസ്യമോ ആരെങ്കിലും അവനുമായി പങ്ക് വെച്ചാൽ അവനത് വെളിപ്പെടുത്തുകയോ മറ്റൊരാൾക്ക് എത്തിക്കുകയോ ഇല്ല. തീർച്ചയായും അപരന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നത് കടുത്ത വഞ്ചനയാണ്. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ.



# 5

ജാബിർ(റ) വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: "ഒരു വ്യക്തിക്കും ബഹുദൈവാരാധനക്കും അവിശ്വാസത്തിനും ഇടയിലുള്ളത് നമസ്കാരം ഉപേക്ഷിക്കുക എന്നതാണ്." (മുസ്ലിം 82)

## വിശദീകരണം:

'അല്ലാഹു അല്ലാതെ യാതൊരു ഇലാഹില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു' എന്ന സാക്ഷ്യ വചനങ്ങൾക്ക് ശേഷമുള്ള അതിമഹത്തായ കാര്യമാണ് നമസ്കാരം. ഉപേക്ഷ വരുത്താതെ നമസ്കാരം നിലനിർത്തുക എന്ന കൽപനയടങ്ങുന്ന ധാരാളം ആയത്തുകളും ഹദീസുകളും കാണുന്നതിന്റെ കാരണമതാണ്.

നമസ്കാരം നിസാരവൽക്കരിക്കുന്നതിന്റെ ഗൗരവം ഈ വചനം നമ്മെ പഠിപ്പിക്കുന്നു. ഒരു വ്യക്തിക്കും ബഹുദൈവാരാധനക്കും അവിശ്വാസത്തിനും ഇടയിൽ നമസ്കാരം ഉപേക്ഷിക്കുകയല്ലാതെ മറ്റൊന്നുമില്ലന്നാണ് റസൂൽ(സ) ഇവിടെ വ്യക്തമാക്കുന്നത്. ആരെങ്കിലും അത് ഉപേക്ഷിക്കുന്നതോടെ അയാൾ ബഹുദൈവാരാധനയിലും അവിശ്വാസത്തിലും എത്തിച്ചേരും. അതിൽ നിന്ന് അല്ലാഹുവോട് നാം ശരണം തേടുക.

നമസ്കാരം ഉപേക്ഷിക്കൽ മഹാ പാപങ്ങളിൽ പെട്ടതാണെന്ന് ഈ വചനം തെളിവ് ന ൽകുന്നു. പലിശ, വ്യഭിചാരം, മദ്യപാനം, മോഷണം തുടങ്ങിയവയെക്കാൾ കടുത്ത അപ രാധവുമാണത്.

അതിനാൽ നമസ്കാരത്തിന്റെ വിഷയത്തിൽ അതീവ ശ്രദ്ധയും പ്രാധാന്യവും ന

ൽകൽ എല്ലാ മുസ്‌ലിം സ്ത്രീ പുരുഷന്മാരുടെയും സുപ്രധാന ചുമതലയാണ്. കാരണം എല്ലാ നന്മകളുടേയും അനുഗ്രഹങ്ങളുടേയും ഉപജീവനമാർഗങ്ങൾ ലഭ്യമാവുന്നതിന്റെയും അടിസ്ഥാനമതാണ്. കൂടാതെ അല്ലാഹുവിന്റെ തൃപ്തിയും പാപമോചനവും അത് വഴി സ്വർഗവും നേടിയെടുക്കാനുള്ള മാർഗവുമാണത്.

* നമസ്കാര സമയങ്ങൾ അറിഞ്ഞു വെക്കുന്നതോടൊപ്പം അതിൽ സ്വതര ശ്രദ്ധയും അതീവ പ്രാധാന്യവും നൽകുന്നതും എല്ലാ മുസ്ലിംകളുടേയും ബാധ്യതയാണ്. കാരണം ന മസ്കാരങ്ങളുടെ സമയബന്ധിതമായ നിർവഹണം വളരെ പ്രധാനമാണ്. കാരണം കൂടാതെ, നമസ്കാരം സമയത്തിന് നിർവഹിക്കാതെ ഉപേക്ഷ വരുത്തുന്നത് ഗൗരവതരമായ അപ രാധമാണ്.



# 6

അബൂ ഹുറയ്റ (റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: "ദുർബലനായ വിശ്വാസിയെക്കാൾ അല്ലാഹുവിന് ഇഷ്ടം ശക്തനായ വിശ്വാസിയെയാണ്. എല്ലാവരിലും നന്മയുണ്ട്." (മുസ്ലിം 2664)

## വിശദീകരണം:

നബി(സ) ഈ ചുരുങ്ങിയ വാക്കുകളിൽ വിശ്വാസികൾ സർവ്വ കാര്യങ്ങളിലും ശക്തരാകുവാനുള്ള പ്രേരണ നൽകുന്നു. അല്ലാഹുവിലുള്ള നമ്മുടെ വിശ്വാസത്തിലും അവനിലുള്ള ദൃഢബോധ്യത്തിലും മതകാര്യങ്ങൾ പിന്തുടരുന്നതിലും മതത്തിൽ അടിയുറച്ച് നിൽക്കുന്നതിലും ജ്ഞാന സമ്പാദനത്തിലും കായികമായി ശക്തിയാർജിക്കുന്നതിലും തുടങ്ങി ഐഹികവും പാരത്രികവുമായ നമുക്ക് ഉപകാരമുള്ള എല്ലാ കാര്യങ്ങളിലും ഒരു വിശ്വാസി ശക്തനാവണമെന്നർത്ഥം.

അപ്പോൾ ശക്തനായ വിശ്വാസിയാണ് ദുർബലനായ വിശ്വാസിയെക്കാൾ ഉത്തമനും അല്ലാഹുവിന് ഇഷ്ടമുള്ളവനുമെന്ന ഈ വചനം എത്ര വലിയ പ്രേരകവും പ്രോത്സാഹനവും മഹത്തരവുമാണ്.

ശക്തനായ വിശ്വാസി (വിശ്വാസത്തിലും ഉദ്ദേശ്യങ്ങളിലും തീരുമാനങ്ങളിലും പ്രവർത്തനങ്ങളിലും ദൃഢതയുള്ളവൻ ആകുന്നു.)

* إِنَّا كُلَّ شَيْءٍ خَلَقْنَاهُ بِقَدَر എന്ന വചനം വിശദീകരിക്കുമ്പോൾ ശൈഖ് മുഹമ്മദ് ബിൻ സ്വാലിഹ് ബിൻ ഉഥൈമീൻ(റ) രേഖപ്പെടുത്തിയ വാക്കുകളാണ് ബ്രാക്കറ്റിൽ ഉള്ളത്.

ഇതിന്റെ അടിസ്ഥാനത്തിൽ സത്യവിശ്വാസികളായ എല്ലാ സ്ത്രീ പുരുഷന്മാരും ഈമാൻ വർധിപ്പിക്കുന്നതിനും അല്ലാഹുവിലേക്ക് അടുപ്പിക്കുന്ന സൽകർമങ്ങളിൽ മുന്നേറാനുള്ള അവരുടെ തീരുമാനങ്ങളെ ദൃഢീകരിക്കുന്നതിനും ജീവിതത്തിൽ അഭിമുഖീകരിക്കേ

ണ്ടി വരുന്ന വിപത്തുകളേയും പ്രയാസങ്ങളേയും തരണം ചെയ്യുന്നതിനായി അവരുടെ വ്യക്തിത്വത്തെ ശാക്തീകരിക്കുന്നതിനും അവർക്കും അവരുടെ സമൂഹത്തിനും രാഷ്ട്രത്തിനും ഗുണകരമാവുന്ന ഉപകാരപ്രദമായ വിജ്ഞാനങ്ങളും പ്രയോജനപ്രദമായ അറിവുകളും സ്വായത്തമാക്കി സ്വന്തത്തെ നവീകരിക്കുന്നതിനുമായി നാനാ മാർഗങ്ങൾ സ്വീകരിച്ച് കഴിയുന്നത്ര പരിശ്രമിക്കേണ്ടതുണ്ട്.

'എല്ലാവരിലും നന്മയുണ്ട്' എന്ന പ്രവാചക വചനത്തിലെ വാക്കുകളിൽ പരമ പ്രധാനമായ ഒരു സൂചനയുണ്ട്. അഥവാ വിശ്വാസി -അവൻ ദുർബലനായാലും ശക്തനായാലും- എപ്പോഴും നൻമയിലാകുന്നു എന്നതാണത്. നൻമ കൈവരിക്കാൻ പര്യാപ്തമായ അതി മഹത്തായ കാര്യമാണ് വിശ്വാസം, എന്നാൽ ശക്തനായ വിശ്വാസി ദുർബലനായ വിശ്വാസിയെക്കാൾ ഒരു അധിക നേട്ടത്താൽ വേർതിരിക്കപ്പെടുന്നു.

# 7

ഉഥ്മാൻ ബിൻ അഫ്ഫാൻ (റ) വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: "ആരെങ്കിലും നമസ്കാരത്തിന് വേണ്ടി വുദു ചെയ്യുകയും ആ വുദു പൂർണ്ണമായി അനുഷ്ഠിക്കുകയും ചെയ്ത ശേഷം നിർബന്ധ നമസ്കാരത്തിലേക്ക് നടന്ന് പോവുകയും ജമാഅത്തായി പള്ളിയിൽ വെച്ച് നമസ്കരിക്കുകയും ചെയ്താൽ അല്ലാഹു അവന് അവന്റെ പാപങ്ങൾ പൊറുത്തു കൊടുക്കും.." (മുസ്ലിം 223)

## വിശദീകരണം:

അതിശ്രേഷ്ഠമായ ചില കർമങ്ങളെ കുറിച്ചാണ് ഈ വചനം പഠിപ്പിക്കുന്നത്. അത് പ്രാവൃത്തികമാക്കുന്നവരെ മാന്യമായ പ്രതിഫലം നൽകി അല്ലാഹു ആദരിക്കുകയും ചെയ്യും. പാപമോചനമാണ് ആ മാന്യമായ പ്രതിഫലം.

നമസ്കാരത്തോട് ചേർന്ന് നിൽക്കുന്നതാണ് ആ കർമങ്ങൾ. ഒരു മുസ്‌ലിം ആ മൂന്ന് കാര്യങ്ങൾ നിർവഹിക്കുന്നതിലൂടെ അല്ലാഹുവിന്റെ സാമിപ്യം സിദ്ധിക്കുന്നു.

(1) ഒന്ന്: വുദു പൂർണമായി നിർവഹിക്കുക. വുദു പൂർണമാക്കുക എന്നാൽ അത് മുഴുവനായും സമ്പൂർണമായും അനുഷ്ഠിക്കുക എന്നർത്ഥം. അതിന് വേണ്ടത് വുദുവിന്റെ എല്ലാ അവയവങ്ങളിലും വെള്ളമെത്തി എന്ന് ഉറപ്പു വരുത്തലാണ്.

(2) രണ്ട്: നിർബന്ധ നമസ്കാരം (ഫർള് നമസ്കാരങ്ങൾ) നിർവഹിക്കുക ലക്ഷ്യം വെച്ച് പള്ളിയിലേക്ക് നടന്ന് പോവുക.

(3) മൂന്ന്: നിർബന്ധ നമസ്കാരം ജമാഅത്തായി നിർവഹിക്കുക.

ആരെങ്കിലും ഇപ്രകാരം പ്രവർത്തിച്ചാൽ -പൂർണമായി വുദു ചെയ്യുകയും പ

ള്ളിയിലേക്ക് നടന്ന് പോവുകയും ജമാഅത്തായി നമസ്കരിക്കുകയും ചെയ്താൽ- പാപങ്ങൾ പൊറുത്തു കിട്ടുക എന്ന മാന്യമായ പ്രതിഫലത്തിനർഹനായി തീർന്നു. ആരുടെ പാപമാണോ അല്ലാഹു പൊറുത്തു കൊടുക്കുന്നത് ഇഹത്തിലും പരത്തിലും അവൻ വിജയം വരിക്കുന്നു.



# 8

അബൂ ഹുറയ്റ (റ) വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: 'എന്റെ പേരിൽ വല്ലവനും മനഃപൂർവ്വം കളവ് പറയുന്നുവെങ്കിൽ അവന്റെ ഇരിപ്പിടം നരകത്തിൽ ഒരുക്കിവെച്ചുകൊള്ളട്ടെ.' (ബുഖാരി 110, മുസ്ലിം3)

## വിശദീകരണം:

പ്രവാചക വചനങ്ങളിൽ കളവ് കാണിക്കുന്നത് വലിയ പാപങ്ങളിൽ പെട്ടതാണ്. ആരെങ്കിലും വാക്കുകൾ കെട്ടിച്ചമയ്ക്കുകയും അവ പ്രവാചക വചനങ്ങളിൽ പെട്ടതാണെന്ന് അവകാശപ്പെടുകയും ചെയ്താൽ അവൻ വലിയ പാപമാണ് ചമച്ചുണ്ടാക്കുന്നത്.

അല്ലാഹുവിന്റെ ദൂതന്റെ പേരിൽ ആരെങ്കിലും വ്യാജ ഹദീസ് -അത് വ്യാജമാണെന്ന് വ്യക്തമാക്കാതെ- പ്രചരിപ്പിച്ചാൽ അവൻ അതിക്രമം ചെയ്യുന്നു, അതിര് കവിയുന്നു. ഏറ്റവും വലിയ അപരാധം ചെയ്യുന്നു.

പ്രവാചകന്റെ പേരിൽ വ്യാജ ഹദീസുകൾ പ്രചരിക്കുന്നത് എറെ ഖേദകരമാണ്.

നിർഭാഗ്യകരമായ മറ്റൊരു വസ്തുത ചില നല്ല ആളുകൾ ചിലപ്പോൾ -നല്ല ഉദ്ദേശത്തോടെ- ഈ ഹദീസുകൾ പ്രചരിപ്പിക്കുന്നു. യഥാർഥത്തിൽ, മുന്നറിയിപ്പ് നൽകേണ്ട വലിയ ഒരു തിന്മയാണിത്. കാരണം പ്രവാചകന്റെ പേരിൽ കളവ് പറയുക എന്നത് ഏറ്റവും വൃത്തികെട്ട നുണ പ്രചരണമാണ്.

നബി(സ) പറഞ്ഞു: 'എന്റെ പേരിൽ കളവ് പറയുന്നത് മറ്റൊരാളുടെ പേരിൽ കളവ് പറയുന്നത് പോലെയല്ല. എന്റെ പേരിൽ വല്ലവനും മനഃപൂർവ്വം കളവ് പറയുന്നുവെങ്കിൽ അവന്റെ ഇരിപ്പിടം നരകത്തിൽ ഒരുക്കിവെച്ചുകൊള്ളട്ടെ' (ബുഖാരി 1291)

നബി(സ) പറഞ്ഞു: 'കളവാണെന്ന് അറിഞ്ഞു കൊണ്ട് തന്നെ എന്നെ കുറിച്ച് വല്ല

വൃത്താന്തവും പറയുന്നവൻ വ്യാജന്മാരിൽ പെട്ടവനാണ്" (തിർമിദി.2662) അദ്ദേഹം പറഞ്ഞു: 'ഇത് ഹസനും സ്വഹീഹുമാണ്"

അതിനാൽ ഹദീസുകൾ നബി(സ)യിലേക്ക് ചേർത്തി പറയുന്നതിന് മുമ്പ് അവയുടെ സത്യത ഉറപ്പുവരുത്തേണ്ടത് നമ്മുടെ കടമയാണ്.

പുസ്തകങ്ങളും വിശ്വസനീയമായ വെബ്സൈറ്റുകളും പരിശോധിച്ച് കൊണ്ട് ഹദീസുകൾ സ്ഥിരീകരിക്കുന്ന പ്രക്രിയ ഇക്കാലത്ത് വളരെ എളുപ്പമാണ് എന്നത് അല്ലാഹു നമുക്ക് നൽകിയ മഹത്തായ അനുഗ്രഹമാണ്.

ഈ മേഖലയിലെ ഏറ്റവും പ്രശസ്തമായ പുസ്തകം ഷെയ്ഖ് മുഹമ്മദ് നാസിറുദ്ദീൻ അൽബാനി(റ)യുടെ ഗ്രന്ഥങ്ങളാണ്.

ഇന്റർനെറ്റിലെ ഏറ്റവും പ്രശസ്തമായതിൽ 'ഷബകത്തു സുന്നത്തിന്നബവിയ്യത്തി വ ഉലൂമിഹാ' എന്ന വെബ്സൈറ്റും 'അ-ദുററ് അ-സുന്നിയ്യ' എന്ന സൈറ്റിന്റെ ഹദീസ് എൻസൈക്ലോപീഡിയ വിഭാഗവും ഉൾപ്പെടുന്നു.

# 9

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: "ഹൃദയത്തിൽ അണുമണിത്തൂക്കം അഹങ്കാരമുള്ളവൻ സ്വർഗ്ഗത്തിൽ കടക്കുകയില്ല." (മുസ്ലിം:91)

## വിശദീകരണം:

ഉൽകൃഷ്ട ഗുണങ്ങളുടെയും ശ്രേഷ്ഠ സ്വഭാവങ്ങളുടെയും മതമാണ് ഇസ്ലാം. അതിനാൽ തന്നെ വിനയം, ദയ, ശാന്തപ്രകൃതി തുടങ്ങിയവയെല്ലാം വിശ്വാസികളോട് കൽപ്പിക്കുന്നു. അഹങ്കാരം, വഞ്ചന, പെരുമ നടിക്കൽ തുടങ്ങിയവ വിരോധിക്കുന്നു.

ജനങ്ങളുടെ മേൽ പെരുമ നടിക്കുകയും അവരെ നിസാരപ്പെടുത്തുകയും ചെയ്യുന്ന അഹങ്കാരികളോട് അവർ സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന് നബി(സ) ഈ വചനത്തിലൂടെ താക്കീത് ചെയ്യുന്നു. അല്ലാഹു നമുക്ക് രക്ഷ നൽകട്ടെ.

'ഹൃദയത്തിൽ അണുത്തൂക്കം അഹങ്കാരമുള്ളവൻ സ്വർഗ്ഗത്തിൽ കടക്കുകയില്ല' എന്ന നബി വചനം അർത്ഥമാക്കുന്നത് എത്ര ചെറിയ അളവിലായിരുന്നാലും അഹങ്കാരം ഗുരുതരമായ കാര്യമാണെന്നാണ്. അത് അണുമണി തൂക്കത്തിലായാലും. അത് വളരെ ചെറിയ ഒരളവാണല്ലോ.

അഹങ്കാരത്തെ നബി(സ) നിർവചിക്കുന്നത് ഇപ്രകാരമാണ്. 'അഹങ്കാരം എന്നാൽ സത്യം നിരാകരിക്കലും ആളുകളെ നിന്ദിക്കലുമാണ്.' (മുസ്ലിം 91)

അഹങ്കരിക്കലും നിന്ദിക്കലും നിഷിദ്ധമായ കാര്യങ്ങളാണെന്ന് ഇനി വരുന്ന നബി വചനവും പഠിപ്പിക്കുന്നു.

‘സ്വയം അഹങ്കരിക്കുകയും നടത്തത്തിൽ പൊങ്ങച്ചം നടിക്കുകയും ചെയ്യുന്നവൻ അല്ലാഹുവിനെ കോപിഷ്ടനായി കണ്ടുമുട്ടും. (അദബുൽ മുഫ്റദിൽ ഇമാം ബുഖാരി റിപ്പോർട്ട് ചെയ്തത്)

അഹങ്കാരം മഹാപാപവും ആക്ഷേപാർഹമായ സ്വഭാവവുമാണെന്ന് മനസ്സിലാക്കുന്ന നാം അതിൽ നിന്ന് അകന്ന് നിൽക്കൽ അനിവാര്യമാണ്. അതോടൊപ്പം, സദുപദേശം സ്വീകരിക്കുക, സത്യത്തിന് കീഴടങ്ങുക, ദരിദ്രരെയും ദുർബലരെയും ആവശ്യക്കാരെയും ദാസന്മാരെയും മറ്റും സ്നേഹിക്കുക, അവരോട് അനുകമ്പ കാണിക്കുക, അവർക്ക് പ്രാധാന്യം നൽക്കുക, അവരോട് വിനയം കാണിക്കുക തുടങ്ങിയ അഹങ്കാരത്തിൽ നിന്ന് നമ്മെ അകറ്റുന്ന സൽപ്രവൃത്തികൾ നിരതരാവുകയും വേണം. കാരണം അത് ഹൃദയത്തെ ശുദ്ധീകരിക്കുന്നു, ആത്മാവിനെ വഞ്ചന, അഹങ്കാരം, പൊങ്ങച്ചം എന്നിവയിൽ നിന്ന് മോചിപ്പിക്കുന്നു.

# 10

ഉഥ്മാൻ ബിൻ അഫ്ഫാൻ(റ) വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: "ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് നിങ്ങളിൽ ഉത്തമർ." (ബുഖാരി 5027)

## വിശദീകരണം:

ഖുർആൻ പഠനത്തിന്റെയും അധ്യാപനത്തിന്റെയും പ്രധാന്യം ഈ വചനം വിളിച്ചോതുന്നു. ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് ജനങ്ങളിൽ ഏറ്റവും ശ്രേഷ്ഠരും ഉന്നതരുമെന്ന് നബി(സ) വ്യക്തമാക്കുന്നു.

ഉഥ്മാൻ ബിൻ അഫ്ഫാൻ(റ) വിൽ നിന്ന് ഈ ഹദീസ് റിപ്പോർട്ട് ചെയ്ത പ്രമുഖ താബിഈ അബൂ അബ്ദുറഹ്മാൻ അസ്സലമി ഈ ഹദീസ് ഉദ്ദരിച്ച് കൊണ്ട് പറഞ്ഞു. 'ഇതാണെന്നെ ഈ സ്ഥാനത്ത് ഇരുത്തിയത് 'അഥവാ ഈ ഹദീസിൽ പ്രസ്താവിച്ച നന്മയും ശ്രേഷ്ഠതയും നേടിയെടുക്കാനുള്ള അതീവ തൽപരതയാൽ അദ്ദേഹം വർഷങ്ങളോളം ഖുർആൻ പഠനത്തിനായി ഒഴിഞ്ഞിരിക്കുകയുണ്ടായി.

എല്ലാ മുസ്ലിം സ്ത്രീ പുരുഷന്മാരും വിശുദ്ധ ഖുർആൻ പഠനത്തിനും മനനത്തിനും അതീവ പ്രധാന്യം നൽകേണ്ടതുണ്ട് എന്ന് ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ

മനസിലാക്കാം. അതോടൊപ്പം മറ്റുള്ളവരെ ഖുർആൻ പഠിപ്പിക്കുന്നതിലും നാം ശ്രദ്ധിക്കേണ്ടതുണ്ട്.

പള്ളികളിലും മദ്റസകളിലും സ്ഥാപനങ്ങളിലും ഉള്ള ഖുർആൻ മനപാഠമാക്കാനുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നത് ഏറെ നന്മ നിറഞ്ഞതും ഗുണകരമായതുമായ കാര്യമാണ്. അവരാണ് സന്മാർഗവും സദ്ഗുണവും സിദ്ധിച്ചവർ.



# 11

അബൂ ഹുറയ്റ (റ) വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: "പരമകാരുണികന് ഏറ്റവും ഇഷ്ടപ്പെട്ടതും മീസാനിൽ കൂടുതൽ ഘനം തൂങ്ങുന്നതും നാവിന് എളുപ്പമുള്ളതുമായ രണ്ട് വചനങ്ങളാണ് സുബ്ഹാനല്ലാഹി വ ബി ഹംദിഹി, സുബ്ഹാനല്ലാഹിൽ അളീം' എന്നത്." (ബുഖാരി 6682, മുസ്ലിം 2694)

## വിശദീകരണം:

ഈ വചനത്തിൽ നബി(സ) ദിക്റിന്റെ മഹത്വവും പ്രാധാന്യവും വ്യക്തമാക്കുകയും ദിക്ർ അധികരിപ്പിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. പ്രഭാതത്തിലും പ്രദോഷത്തിലും ഉറങ്ങാൻ കിടക്കുമ്പോഴും ഉണരുമ്പോഴും ചെല്ലേണ്ടതായ ദിക്റുകൾ അവിടുന്ന് നിയമമാക്കുകയുണ്ടായി. മേൽ പറഞ്ഞതും അതു പോലെയുള്ളതുമായ എല്ലാ ദിക്റുകളും ഇമാം നവവിയുടെ അൽ-അദ്കാർ, ശൈഖ് ഇബ്നു ബാസിന്റെ തുഹ്ഫത്തുൽ അഖ്യാർ, കഹ്താനിയുടെ ഹിസ്വനുൽ മുസ്ലിം തുടങ്ങിയ ധാരാളം ദിക്ർ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നിർണിത എണ്ണമോ നിശ്ചിത സമയമോ അല്ലാതെ എല്ലാ സമയത്തും അധികരിപ്പിക്കൽ മുസ്‌ലിംകളുടെ മേൽ സുന്നതായ ചില ദിക്റുകളുമുണ്ട്. സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, അല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹ് , ലാ ഹൗല വ ലാ ക്കുവ്വത്ത ഇല്ലാ ബില്ലാഹ് എന്നിവയാണവ.

അതിൽ ഉൾപ്പെട്ട അതിമഹത്തായ രണ്ട് വചനങ്ങളാണ് 'സുബ്ഹാനല്ലാഹി വബിഹംദിഹി, സുബ്ഹാനല്ലാഹിൽ അളീം' എന്നത്. മൂന്ന് സവിശേഷതകൾ ഇവയ്ക്കുള്ളതായി നബി(സ) അരുളുന്നു.

(1) അവ നാവിന് ലഘുവായതാണ്. അഥവാ യാതൊരു പ്രയാസവും കൂടാതെ ആവർത്തിച്ച് ഉരുവിടാൻ ആളുകൾക്ക് വളരെ എളുപ്പത്തിൽ സാധിക്കുന്നു.

(2) മീസാനിൽ ഘനമുള്ളതാണ്. അഥവാ ഈ ദിക്ർ ചൊല്ലുന്നവർക്ക് വലിയ പ്രതിഫലമുണ്ട്. അവരുടെ നന്മയുടെ തുലാസ് ആ പ്രതിഫലത്താൽ അല്ലാഹു നിറക്കുന്നു.

(3) പരമകാരുണികന് ഏറെ പ്രിയമുള്ളതാണ്. അഥവാ അല്ലാഹു ആ ദിക്റുകൾ ഏറെ ഇഷ്ടപ്പെടുന്നു. അതീവ ശ്രേഷ്ഠതയും പ്രാധാന്യവുമുള്ളതാണ് ഈ ദിക്ർ എന്ന് ഇത് തെളിയിക്കുന്നു.

ഇക്കാരണങ്ങളെല്ലാം കൊണ്ട്, ഈ മഹത് വചനങ്ങൾക്കും ഇതോടൊപ്പം സൂചിപ്പിച്ച ദിക്റുകൾക്കും പ്രാധാന്യം നൽകുന്നത് നമുക്കേറെ കരണീയമാണ്. അത്യുന്നതനായ രക്ഷിതാവിന്റെ മഹനീയമായ പ്രതിഫലം നേടിയെടുക്കാനായി എല്ലായിപ്പോഴും ഈ ദിക്റുകൾ വർദ്ധിപ്പിക്കാനും നാം താൽപര്യം കാണിക്കേണ്ടതുണ്ട്.

# 12

അബൂ ഹുറയ്റ (റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; "മൂന്ന് കാര്യങ്ങൾ നിർവഹിക്കുവാൻ എന്റെ കൂട്ടുകാരൻ നബി(സ) എന്നെ ഉപദേശിച്ചിരുന്നു. എല്ലാ മാസവും മൂന്ന് ദിവസം വ്രതമനുഷ്ഠിക്കുക, (എല്ലാ ദിനവും) രണ്ട് റക്അത്ത് ളുഹാ നമസ്കരിക്കുക, ഉറങ്ങുന്നതിനു മുമ്പ് വിത്ത്റ് നമസ്കരിക്കുക എന്നിവയാണത്." (ബുഖാരി 1981, മുസ്ലിം 721)

## വിശദീകരണം:

പ്രവാചകൻ(സ) യോട് ഏറെ അടുപ്പമുണ്ടായിരുന്ന പ്രസിദ്ധ സ്വഹാബിയാണ് അബൂ ഹുറയ്റ(റ). നബി(സ) അദ്ദേഹത്തിന് നൽകിയ ഉപദേശമാണ് ഇവിടെ പ്രസ്താവിക്കുന്നത്. 'എന്റെ കൂട്ടുകാരൻ എന്നെ ഉപദേശിച്ചു.' എന്നാണ് അദ്ദേഹം ആമുഖമായി പറയുന്നത്. حبيبي (എന്റെ സ്നേഹിതൻ) എന്ന പദം പോലൊരു പദമാണ് خليلي എന്നത്. പക്ഷെ حبيبي എന്ന പദത്തേക്കാൾ ശക്തവും സമഗ്രവുമാണ് ഈ പദം. കാരണം അതിശക്തമായ സ്നേഹ വായ്പാണ് ഈ പദത്തിൽ മുഴച്ച് നിൽക്കുന്നത്.

അദ്ദേഹം പറയുന്നു: മൂന്ന് കാര്യങ്ങൾ നിർവഹിക്കുവാൻ എന്റെ കൂട്ടുകാരന് എന്നെ ഉപദേശിച്ചു.

ഒന്നാമത്തെ ഉപദേശം;എല്ലാ മാസവും മൂന്ന് ദിവസം വ്രതമനുഷ്ഠിക്കുക: എല്ലാ മാസവും മൂന്ന് ദിവസം വ്രതമനുഷ്ഠിക്കൽ ഏറെ ശ്രേഷ്ഠമായ നബിചര്യയാണ്. എല്ലാ മാസവും മൂന്ന് ദിവസം വ്രതമനുഷ്ഠിക്കൽ വർഷം മുഴുവൻ വ്രതമനുഷ്ഠിക്കുന്നത് പോലെയാണെന്ന് നബി(സ) അരുൾ ചെയ്തിട്ടുണ്ട്. അടിമകളോടുള്ള അല്ലാഹുവിന്റെ ഔദാര്യമാണത്.

ഐഛികമായ നോമ്പാണ് ഇവിടെ ഉദ്ദേശിക്കുന്നത്. എല്ലാ മാസവും മൂന്ന് ദിനങ്ങൾ - തുടർച്ചയായോ ഇടവിട്ടോ - അതനുഷ്ഠിക്കാവുന്നതാണ്.

രണ്ടാമത്തെ ഉപദ്ദേശം; ളുഹ നമസ്കാരം നിർവഹിക്കുക: പകലിന്റെ മധ്യത്തിൽ

അഥവാ പൂർവാഹ്ന സമയത്ത് നിർവഹിക്കുന്ന രണ്ടോ അതിലധികമോ റകഅത്ത് നമസ്കാരമാണത്. രണ്ട് അല്ലെങ്കിൽ നാല് റകഅത്തുകളായോ അതിൽ കൂടുതലോ പൂർവാഹ്ന സമയത്ത് നമസ്കരിക്കൽ തിരുചര്യയിൽപ്പെട്ടതാണ്. അതിന് വലിയ പ്രതിഫലവും ശ്രേഷ്ഠതയുമുണ്ട്.

മൂന്നാമത്തെ വസിയ്യത്ത്; വിത്ർ നമസ്കരിക്കുക: ഐഛിക നമസ്കാരങ്ങളിൽ ഏറെ ശ്രേഷ്ഠമായ ഒന്നാണ് വിത്ർ നമസ്കാരം. ഇശാഅ് നമസ്കാരാനന്തരം തുടങ്ങി സുബ്ഹി ബാങ്ക് വരെയാണ് അതിന്റെ സമയം. ഒന്ന്, മൂന്ന്, അഞ്ച് അതിൽ കൂടുതലോ റകഅത്തുകളായി അത് നിർവഹിക്കാം. പക്ഷെ അതിന്റെ എണ്ണം ഒറ്റസംഖ്യയാവണം. വിത്ർ എന്ന പദം സൂചിപ്പിക്കുന്നത് തന്നെ അതാണ്.

ഇവയാണ് അബൂ ഹുറയ്റ(റ) നോടുള്ള നബി(സ) യുടെ ഉപദേശം. അത് നമുക്ക് കൂടിയുള്ള തിരുദൂതർ (സ) യുടെ ഉപദേശമാണ്.

# 13

അബൂ ഹുറയ്റ(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: "അടിമ തന്റെ രക്ഷിതാവിനോട് ഏറ്റവും കൂടുതൽ സമീപ സ്ഥമാവുന്നത് അവൻ സുജൂദിലായിരിക്കുമ്പോഴാണ്. അതിനാൽ നിങ്ങൾ പ്രാർത്ഥന അധികരിപ്പിക്കുക." (മുസ്ലിം 482)

## വിശദീകരണം:

അടിമകളായ നാം വിവിധ പുണ്യങ്ങളും നന്മകളും ചെയ്ത് അല്ലാഹുവിലേക്ക് അടുക്കുവാൻ ശ്രമിക്കണമെന്ന് അല്ലാഹു ആഹ്വാനം ചെയ്യുന്നു.


അല്ലാഹുവിലേക്ക് അടുപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കർമം നിർബന്ധിതമോ ഐച്ഛികമോ ആയ നമസ്കാരങ്ങളാണ്. ഒരു മുസ്ലിം നമസ്കാരത്തിൽ പ്രവേശിക്കുന്നതോടെ അല്ലാഹുവോട് സമീപസ്ഥമാവുന്നു. നമസ്കാരം മുഴുവൻ സത്യവിശ്വാസിയെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്ന കർമമാണെങ്കിലും സുജൂദിലാവുന്ന സമയം അവൻ അല്ലാഹുവോട് ഏറ്റവും അടുത്തു നിൽക്കുന്ന അവസ്ഥയിലാണ്. സൂജൂദിൽ അടിമ അല്ലാഹുവിന് കീഴടങ്ങുന്നു, അവനെ പ്രകീർത്തിക്കുന്നു, പരിശുദ്ധപ്പെടുത്തുന്നു, ഭക്തിയോടെ, ആവശ്യക്കാരനായി, വിനയാന്വിതനായി അവൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സന്ദർഭങ്ങളിൽപ്പെട്ടതാണ് സുജൂദിന്റെ വേള.

ഇമാം മുസ്ലിം ഉദ്ധരിക്കുന്ന മറ്റൊരു ഹദീസിൽ നബി (സ) പറയുന്നു: 'സുജൂദിൽ, നിങ്ങൾ ധാരാളമായി പ്രാർത്ഥിക്കുക, കാരണം നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരം

ലഭിക്കാൻ ഉചിതമാണത്.' (മുസ്ലിം 479). അഥവാ ഉത്തരം ലഭിക്കാൻ ഏറെ സാധ്യതയുള്ള സമയമാണത്.

അതിനാൽ സുദീർഘമായി സുജൂദ് ചെയ്തു ധാരാളം പ്രാർത്ഥിക്കുന്നത് സുന്നത്താണ്. തീർച്ചയായും സുജൂദും ദുആയുമാണ് ഇഹപര വിജയത്തിന്റെ അടിസ്ഥാനം.



# 14

ഥാബിത്ത് ബിൻ ളഹ്ഹാക്ക്(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതർ(സ) പറഞ്ഞിരിക്കുന്നു: "സത്യവിശ്വാസിയെ ശപിക്കുന്നത് അവനെ വധിക്കുന്നത് പോലെയാണ്." (ബുഖാരി 6105, മുസ്ലിം 110)

## വിശദീകരണം:

ശപിക്കൽ ഗുരുതരമായ തെറ്റും ഗൗരവമേറിയ പാപവുമാണ്. ധാരാളം ഹദീസുകളിൽ നബി(സ) നമ്മോടത് വിരോധിക്കുകയും താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. അതിൽപ്പെട്ട ഒരു ഹദീസാണിത്.

മറ്റൊരു വചനമാണ്, "അല്ലാഹുവിന്റെ ശാപ കോപങ്ങളുണ്ടാവാൻ നിങ്ങൾ പരസ്പരം ശപിക്കരുത് (പ്രാർഥിക്കരുത്)". ( അബൂദാവൂദ് 4906)

'ശാപാർഹമല്ലാത്ത വല്ലതിനേയും വല്ലവനും ശപിച്ചാൽ ആ ശാപം അവന്റെ മേൽ തിരികെ പതിക്കുന്നതാണ്.'(അബൂദാവൂദ്) എന്നും നബി(സ) പഠിപ്പിച്ചിട്ടുണ്ട്. അഥവാ കാരണമില്ലാതെ ആരെങ്കിലും വല്ലതിനെയും ശപിച്ചാൽ ആ ശാപവർത്തമാനങ്ങൾ ശപിക്കുന്ന വ്യക്തിയിലേക്ക് തന്നെ തിരികെയെത്തും.

കുറ്റമറ്റ സനദോടെ സലമത്ത് ബ്നു അക്വഅ്(റ) നിന്ന് ഇമാം ത്വബ്റാനി ഉദ്ധരിക്കുന്നു. 'തന്റെ സഹോദരനെ ശപിക്കുന്ന ഒരു വ്യക്തിയെ ഞങ്ങൾ കണ്ടിരുന്നത് വലിയ അപരാധം ചെയ്തവൻ എന്ന നിലയിലായിരുന്നു.'

ശൈഖ് ഇബ്നു ബാസ് (റ) പറയുന്നു. "മുസ്ലിമിനെ ശപിക്കൽ വൻ പാപങ്ങളിൽ ഏറ്റവും വലുതാണ്"

പക്ഷേ, മുസ്ലിംകളിലെ ധാരാളം ആളുകൾക്കിടയിൽ ശാപവർത്തമാനങ്ങൾ വ്യാപകമായിരിക്കുന്നു എന്നത് ഏറെ ഖേദകരമായ കാര്യമാണ്. അല്ലാഹുവിൽ അഭയം.

അതിനാൽ ശാപവർത്തമാനങ്ങൾ വെറുക്കലും അതിനെ സംബന്ധിച്ച് ശക്തമായ താക്കീത് നൽകലും ഏവരുടെ മേലും നിർബന്ധ ബാധ്യതയാണ്.

## 15

അബൂ ഹുറയ്റ(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: "അല്ലാഹു പറഞ്ഞിരിക്കുന്നു: "ആദമിന്റെ മകനെ നീ ചിലവഴിക്കുക, എങ്കിൽ നിന്റെ മേൽ ചില വഴിക്കപ്പെടും" (ബുഖാരി 4684, മുസ്ലിം 993).

### വിശദീകരണം:

സത്യ വിശ്വാസികളായ തന്റെ ദാസന്മാരെ പുകഴ്ത്തുവാനായി അല്ലാഹു പറയുന്ന വിശേഷണങ്ങളിൽ പെട്ടതാണ് അവരുടെ ദൈവിക മാർഗത്തിലുള്ള ചിലവഴിക്കൽ. അല്ലാഹു പറയുന്നു: 'അലിഫ് ലാം മീം. ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ. വിശ്വസിക്കുകയും, നമസ്കാരം (മുറപ്രകാരം) നിലനിർത്തുകയും, നാം നൽകിയ സമ്പത്തിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്നവരായ' (സൂ. ബഖറ :13)

ധാരാളം കാര്യങ്ങളിൽ സമ്പത്ത് ചിലവഴിക്കപ്പെടാറുണ്ട്. ഒരാൾ തന്റെ ഭാര്യാ സന്താനങ്ങൾക്കായി ചിലവഴിക്കുന്നു. അഗതികൾക്കും ദരിദ്രർക്കും വേണ്ടി ചെലവഴിക്കുന്നു. വിശുദ്ധ ഖുർആൻ പതിപ്പുകൾ പ്രചരിപ്പിക്കുക, ഉപകാരപ്രദമായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, രോഗ ചികിത്സക്കായി ചിലവഴിക്കുക തുടങ്ങിയ അനേക നന്മകൾക്ക് വേണ്ടിയും അതല്ലാത്ത പുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ടിയും നാം സമ്പത്ത് ചിലവഴിക്കുന്നു.

നന്മയിൽ പണം ചെലവഴിക്കുന്നവർക്ക് വേണ്ടി അല്ലാഹു ചെലവഴിക്കുമെന്നും അവന്റെ ഔദാര്യത്തിൽ നിന്ന് അവർക്ക് ഉപജീവനം നൽകുമെന്നും വിശാലമായ വിധം അവർക്ക് പകരം നൽകുമെന്നും ഈ ഹദീസിലൂടെ അല്ലാഹു വാഗ്ദാനം ചെയ്യുന്നു. അല്ലാഹു പറഞ്ഞത് പോലെ; 'നീ പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് തന്റെ ദാസൻമാരിൽ

നിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലമാക്കുകയും, താൻ ഉദ്ദേശിക്കുന്നവർക്ക് ഇടുങ്ങിയതാക്കുകയും ചെയ്യുന്നതാണ്. നിങ്ങൾ എന്തൊന്ന് ചെലവഴിച്ചാലും അവൻ അതിന് പകരം നൽകുന്നതാണ്. അവൻ ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനത്രെ.' (സൂ. സബഅ്: 39)

തന്റെ കുടുംബത്തിനും മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും അഗതികൾക്കും ആവശ്യക്കാർക്കും അതല്ലാത്ത മറ്റു നൻമകൾക്കും വേണ്ടി ചെലവഴിക്കുന്നവർക്ക് അല്ലാഹു മഹത്തായ പ്രതിഫലവും അവൻ ചെലവഴിച്ചതിന് പകരമായി സമ്പത്തും നൽകുമെന്ന് അല്ലാഹു ഉറപ്പ് നൽകുന്നു.

അത് അല്ലാഹുവിന്റെ അനുഗ്രഹമത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു.



# 16

അബൂ ഹുറയ്റ(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: "ഒരു മുസ്ലിമിന് പ്രയാസമോ, ക്ഷീണമോ, രോഗമോ, സങ്കടമോ, ബുദ്ധിമുട്ടോ, മന:പ്രയാസമോ ബാധിക്കുന്നില്ല, എന്തിനേറെ ഒരു മുള്ള് പോലും തറക്കുന്നില്ല; അല്ലാഹു അവന്റെ പാപങ്ങൾ പൊറുത്ത് കൊടുത്തിട്ടല്ലാതെ' (ബുഖാരി 5641, മുസ്ലിം 2573)

## വിശദീകരണം:

ഇഹലോകത്ത്, മനുഷ്യർ വിപത്തുകളും പ്രയാസങ്ങളും ദുഃഖങ്ങളും നേരിടാറുണ്ട്.

എല്ലാ സന്ദർഭങ്ങളിലും നാം ഓർത്തു വെക്കേണ്ട സുപ്രധാനമായ ഒരു കാര്യത്തിലേക്കാണ് നബി(സ) ഇവിടെ വിരൽ ചൂണ്ടുന്നത്. അത് നമ്മുടെ ഹൃദയത്തിന് സന്തോഷം നൽകുന്നു, ആത്മാവിന് കുളിർമയേകുന്നു, മന സ്സമാധാനം കൈവരുത്തുന്നു. അതായത്, ഒരു മുസ്ലിമിനുണ്ടാവുന്ന പ്രയാസം, ക്ഷീണം, രോഗം, സങ്കടം, ബുദ്ധിമുട്ട് തുടങ്ങിയ മുഖേന അവന്റെ പാപങ്ങൾ പൊറുത്തു കിട്ടുന്നു എന്നതാണത്. ഈ വിപത്തുകൾ പാപങ്ങൾ പൊറുത്തു കിട്ടാനും മായിക്കപ്പെടാനും നീങ്ങി പോകാനും കാരണമാകുന്നു. അങ്ങനെ ആ പ്രയാസത്തിൽ നിന്ന് അവൻ പുറത്തു വരുക തെറ്റുകളിൽ നിന്നും കുറ്റങ്ങളിൽ നിന്നും ശുദ്ധി നേടിയും അവന്റെ റബ്ബിനോട് അടുപ്പം നേടിയവനായി കൊണ്ടു മാവും.

'എന്തിനേറെ ഒരു മുള്ള് തറക്കുന്നത് പോലും.' എന്ന വാചകം, മനുഷ്യനെ ബാധിക്കുന്ന ഏത് പ്രയാസങ്ങളും അവനുള്ള പ്രായശ്ചിത്തമായി മാറും എന്ന് പ ഠിപ്പിക്കുന്നു. കാലിൽ മുള്ള് തറക്കുക പോലെ അത് എത്ര ചെറുതാണെങ്കിലും ശരി. ഇതറിയുന്ന ഒരു മുസ്ലിം അല്ലാഹുവിന്റെ ഔദാര്യത്തിൽ സന്തോഷിക്കണം എല്ലായ്പോഴും

പ്രതിഫലം ആഗ്രഹിച്ച് അല്ലാഹുവിൽ സംതൃപ്തിപ്പെടുകയും സഹനമവലംബിക്കുകയും വേണം. ആരെങ്കിലും അല്ലാഹുവിൽ സംതൃപ്തിപ്പെട്ടാൽ അല്ലാഹു അവനെ തൃപ്തിപ്പെടുകയും ആദരിക്കുകയും അനുഗ്രഹിക്കുകയും ചെയ്യും.



# 17

അബൂ ഹുറയ്റ(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: "സത്യവിശ്വാസികളാവാതെ നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. അന്യോന്യം സ്നേഹമുള്ളവരാകാതെ നിങ്ങൾ സത്യ വിശ്വാസികളാകുന്നതുമല്ല. പ്രാവർത്തികമാക്കിയാൽ നിങ്ങൾ പരസ്പരം സ്നേ ഹമുള്ളവരായി തീരുന്ന ഒരു കാര്യം ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടയോ? നിങ്ങൾക്കിടയിൽ നിങ്ങൾ സലാം വ്യാപിപ്പിക്കുക." (മുസ്ലിം 54)

## വിശദീകരണം:

പരസ്പരം സ്നേഹിക്കുക എന്ന മർമ പ്രധാനമായ ഒരു കാര്യത്തിലേക്ക് ഈ വചനം നമ്മെ പ്രേരിപ്പിക്കുന്നു.

സത്യവിശ്വാസികൾ ആവാതെ നാമാരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ലെന്ന് നബി(സ) പഠിപ്പിക്കുന്നു. ഒപ്പം പരസ്പരം സ്നേഹിക്കുന്നവരാവാതെ നാം സത്യവിശ്വാസികൾ ആവുകയില്ലന്നും.

വിശ്വാസികൾക്കിടയിൽ പരസ്പര സ്നേഹം വളരാൻ വളരെ ലളിതമായ ഒരു മാർഗമുണ്ട്. അത് പ്രാവർത്തികമാക്കിയാൽ നമുക്കിടയിൽ സ്നേഹം പടർന്ന് പന്തലിക്കും. ആ ലളിത മാർഗം സലാം വ്യാപിപ്പിക്കുക എന്നതാണ്. അഥവാ ജനങ്ങൾക്കിടയിൽ സലാം വ്യാപകമായി പറയുക.

മുസ്ലിങ്ങൾ പരസ്പരം സലാം പറയുക വഴി അവർക്കിടയിൽ സ്നേഹം ഉണ്ടാവുന്നു. പരസ്പര സ്നേഹം വഴി ഈമാൻ വർദ്ധിക്കുന്നു. വർദ്ധിച്ച ഈമാൻ സ്വർഗ്ഗ പ്രവേശനത്തിലെത്തിക്കുന്നു. ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്ന സന്ദേശമിതാണ്.

السَّلَامُ عَلَيْكُمْ وَ رَحْمَةُ اللَّهِ وَ بَرَكَاتُه എന്നതാണ് അഭിവാദ്യത്തിന്റെ ഏറ്റവും മികച്ച രൂപം.

وَعَلَيْكُمْ السَّلَامُ و رَحْمَةُ اللَّهِ وَ بَرَكَاتُه എന്നതാണ് അതിന് പറയാവുന്ന മികച്ച പ്രത്യാഭിവാദ്യം.

ഇനി ഒരാൾ السَّلَامُ عَلَيْكُمْ /السَّلَامُ عَلَيْكُمْ وَ رَحْمَةُ اللَّه എന്നോ പറഞ്ഞാലും മതിയാവും. എന്നാൽ ഏറ്റവും മികച്ച രൂപം السَّلَامُ عَلَيْكُمْ وَ رَحْمَةُ اللَّهِ وَ بَرَكَاتُهُ എന്ന് പറയലാണ്.

ലജ്ജിച്ചു നിൽക്കാതെ പ്രാധാന്യമുൾക്കൊണ്ട് സലാം വ്യാപിപ്പിക്കുന്നതിൽ താല്പര്യം കാണിക്കൽ മുസ്ലീങ്ങൾക്ക് ഏറെ കരണീയമാകുന്നു. കാരണം അത് പ്രതിഫലാർഹവും ഈമാൻ വർദ്ധിപ്പിക്കുന്നതും സ്വർഗ്ഗ പ്രവേശം സുസാധ്യമാക്കുന്നതുമാകുന്നു.

## 18

അബൂ സഈദുൽ ഖുദ്രി(റ) വിൽ നിന്ന് നിവേദനം, അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: "ഒരു പുരുഷൻ മറ്റൊരു പുരുഷന്റെ നഗ്നതയിലേക്കും ഒരു സ്ത്രീ മറ്റൊരു സ്ത്രീയുടെ നഗ്നതയിലേക്കും നോക്കരുത്"
(മുസ്‌ലിം 338)

### വിശദീകരണം:

അറിയുകയും പ്രാവർത്തികമാക്കുകയും ചെയ്യൽ അനിവാര്യതയുള്ള ഒരു സുപ്രധാന കാര്യത്തിലേക്കാണ് ഈ ഹദീസ് വിരൽ ചൂണ്ടുന്നത്.

ഒരു മനുഷ്യന് -ആണായാലും പെണ്ണായാലും- നിർബന്ധമായും മറക്കേണ്ട ചില നഗ്നതകളുണ്ട്. ആ നഗ്നതയിലേക്ക് മറ്റുള്ളവർ നോക്കുവാൻ പാടില്ല.

പുരുഷൻ പുരുഷനുമായോ സ്ത്രീ സ്ത്രീയുമായോ സ്ത്രീ പുരുഷന്മാർ പരസ്പരമോ ഉള്ള സഹവർത്തിത്വത്തിൽ ശ്രദ്ധിക്കേണ്ട കാര്യമാണിത്.

മറ്റു ജനങ്ങൾ കാണാതിരിക്കാനായി നമ്മുടെ നഗ്നതകൾ മറക്കൽ നമ്മുടെ നിർബന്ധ ബാധ്യതയാണ്. അതിലേക്ക് നോക്കുകയോ സ്പർശിക്കുകയോ അരുത്. അക്കാര്യം ഒരിക്കലും നിസാരവൽക്കരിക്കരുത്. അവഗണിക്കുകയോ വീഴ്ച

വരുത്തുകയോ തമാശയായി കാണുകയോ ചെയ്യരുതാത്ത കാര്യമാണിതെന്ന് തിരിച്ചറിയുക.

# 19

സ്വഅബ് ബ്ൻ ജഥാമ (റ) വിൽ നിന്ന് നിവേദനം, ഒരിക്കൽ അദ്ദേഹം വേട്ടയാടി പിടിച്ച കുറച്ച് മാംസം റസൂൽ (സ)ക്ക് ദാനമായി നൽകി. പക്ഷേ നബി(സ) അത് സ്വീകരിക്കാതെ തിരികെ നൽകി. എന്നാൽ അദ്ദേഹത്തിന്റെ മുഖത്തെ ദുഃഖം റസൂൽ(സ) കണ്ടപ്പോൾ അദ്ദേഹത്തോട് പറഞ്ഞു: "തീർച്ചയായും താങ്കൾക്ക് ഇത് ഞാൻ തിരികെ നൽകിയത് ഇഹ്റാമിൽ ആയതുകൊണ്ട് മാത്രമാണ്" (ബുഖാരി 1825, മുസ്ലിം 1193).

## വിശദീകരണം:

നബി(സ)ക്ക് പാരിതോഷികങ്ങൾ നൽകുന്നത് ഏറെ ഇഷ്ടപ്പെട്ടവരായിരുന്നു സ്വഹാബിമാർ. അത് സ്വീകരിക്കുകയും അവർക്ക് പകരം നൽകുകയും ചെയ്യുകയായിരുന്നു പ്രവാചകൻ(സ) യുടെ പതിവ്.

ഒരു ഹജ്ജ് യാത്രയിൽ, സ്വഅബ് ബ്ൻ ജഥാമ എന്ന് പേരുള്ള ഒരു സ്വഹാബി നബി(സ)യുടെ അരികിൽ അവിടുത്തേക്ക് ഒരു പരിതോഷികവുമായി വന്നു. നബിക്ക് ഭക്ഷിക്കുവാനായി അദ്ദേഹം വേട്ടയാടി പിടിച്ച മൃഗത്തിന്റെ മാംസം ആയിരുന്നു അത്. പക്ഷേ തിരുദൂതർ ഇഹ്റാമിൽ ആയിരുന്നതിനാൽ ആ പാരിതോഷികം സ്വീകരിച്ചില്ല. കാരണം ഇഹ്റാമിൽ വേട്ടയാടൽ വിലക്കപ്പെട്ട കാര്യമാണല്ലോ.

ഈ മനുഷ്യൻ നൽകിയ പാരിതോഷികം നബി(സ) തിരികെ നൽകിയപ്പോൾ അയാൾക്ക് ദുഃഖം ഉണ്ടാവുകയും അത് പ്രകടമാവുകയും ചെയ്തു. അത് മനസ്സില്ലാക്കിയ പ്രവാചകൻ താനത് തിരസ്കരിച്ചതിന്റെ കാരണം വ്യക്തമാക്കാൻ ആഗ്രഹിച്ചു. നബി(സ) പറഞ്ഞു. 'തീർച്ചയായും നാമത് താങ്കൾക്ക് തിരികെ നൽകിയത് ഇഹ്റാമിൽ ആയതുകൊണ്ട് മാത്രമാണ്'. അദ്ദേഹത്തിന് കാരണം മനസ്സിലായി. തിരികെ പോയി സംഭവിച്ച കാര്യങ്ങൾ തന്റെ സുഹൃത്തുക്കളോടും കുട്ടികളോടും പങ്ക് വെക്കുകയും ചെയ്തു.

പൈശാചിക ചിന്തകളുടെ വഴിയടക്കുന്നതിനായി ഒഴികഴിവുകളുടെ കാരണങ്ങൾ ബോധ്യപ്പെടുത്തുന്നതിന്റെയും ക്ഷമാപണം നടത്തുന്നതിന്റെയും പ്രാധാന്യം എത്രത്തോളമുണ്ടെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. അല്ലാഹു പറയുന്നു: 'നീ എന്റെ ദാസൻമാരോട് പറയുക; അവർ പറയുന്നത് ഏറ്റവും നല്ല വാക്കായിരിക്കണമെന്ന്. തീർച്ചയായും പിശാച് അവർക്കിടയിൽ (കുഴപ്പം) ഇളക്കിവിടുന്നു. ' (സൂ. ഇസ്റാഅ്: 53)

ക്ഷമാപണം നടത്തുക, ആശ്വസിപ്പിക്കുക തുടങ്ങിയവ സൽഗുണങ്ങളാണെന്ന് വ്യക്തമാക്കാൻ ഇമാം നവവി റിയാദു സ്വാലിഹീൻ എന്ന തന്റെ ഗ്രന്ഥത്തിൽ സൽസ്വഭാവം എന്ന അധ്യായത്തിലാണ് ഈ ഹദീസ് രേഖപ്പെടുത്തിയിട്ടുള്ളത്.

# 20

ഹുദൈഫത്തിബ്നുൽ യമാൻ(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറയുന്നു: "ഏഷണിക്കാരൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല." (ബുഖാരി 6056, മുസ്ലിം 105)

## വിശദീകരണം:

നാവിന്റെ വിപത്തുകൾ സംബന്ധിച്ച് താക്കീത് നൽകുന്ന നബി വചനങ്ങളിൽ ഉൾപ്പെട്ട ഒരു വചനമാണിത്. വൈവിധ്യമാർന്ന ധാരാളം വിപത്തുകൾ നാവിനുണ്ട്. പരദൂഷണവും ഏഷണിയും അതിൽ പെടുന്നു.


ഇമാം നവവി(റ) പറയുന്നു: "അറിയുക. ജനങ്ങൾക്കിടയിൽ വ്യാപകമായ അതി നികൃഷ്ടമായ ദുസ്വഭാവങ്ങളാണ് ഏഷണിയും പരദൂഷണവും. വളരെ കുറച്ചുപേർ മാത്രമാണ് അതിൽ നിന്ന് സുരക്ഷിതർ." (അൽ അദ്കാർ)

ഈ ഹദീസിൽ നബി(സ) ആക്ഷേപാർഹമായ ഒരു ദുസ്വഭാവത്തിൽ നിന്ന് നമ്മെ വിലക്കുന്നു. വൻ പാപങ്ങളിൽ എണ്ണപ്പെടുന്ന ഗുരുതരമായ ഒരു തെറ്റാണത്. അഥവാ ഏഷണി പ്രചരിപ്പിക്കുക. അവിടുന്ന് പറഞ്ഞു: "ഏഷണിക്കാരൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല."

ഏഷണി: ജനങ്ങൾക്കിടയിൽ കുഴപ്പമുണ്ടാക്കാനായി എന്തെങ്കിലും ഒരു കാര്യം പ്രചരിപ്പിക്കുന്നതാണ് ഏഷണി കൊണ്ട് അർത്ഥമാക്കുന്നത്. ജനങ്ങൾക്കിടയിൽ

തർക്കങ്ങളും പ്രശ്നങ്ങളും ശത്രുതയും ഉടലെടുക്കാൻ കാരണമാകുന്ന കാര്യമാണത്.

അതിനാൽ എല്ലാ മുസ്ലിം സ്ത്രീ പുരുഷന്മാരും ഏഷണി പ്രചരിപ്പിക്കുന്നതിനെ തൊട്ട് ജാഗ്രത പുലർത്തുക. കാരണം അത് സ്വർഗം നിഷിദ്ധമാക്കുകയും കബർ ശിക്ഷക്ക് കാരണമാവുകയും ചെയ്യുന്നു. അതിൽ നിന്ന് അല്ലാഹുവിൽ ശരണം തേടുക.



# 21

അനസ് ഇബ്നു മാലിക്(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: 'ഒരു മുസ്‌ലിം ചെടി നടുന്നു, കൃഷി ചെയ്യുന്നു. അങ്ങനെ അതിൽ നിന്നും മനുഷ്യരോ പക്ഷികളോ കന്നുകാലികളോ ഭക്ഷിക്കുന്നു. എങ്കിൽ അതയാൾക്ക് ധർമമാവാതിരിക്കില്ല.'
(ബുഖാരി 2320, മുസ്ലിം 1553)

## വിശദീകരണം:

സുപ്രധാനമായ മാനുഷിക പ്രവർത്തനമാണ് കൃഷി. കാരണം നമുക്ക് ഭക്ഷണം ലഭിക്കുന്നത് അതുവഴിയാണ്. അതോടൊപ്പമത് സമ്പത്തും ഐശ്വര്യവും നേടിത്തരുന്നു.

ഒരു മുസ്ലിം കൃഷി ചെയ്യുന്നു, അതിൽ നിന്ന് മനുഷ്യരോ പക്ഷികളോ കന്നുകാലികളോ ഭക്ഷിക്കുന്നു. എങ്കിൽ കർഷകൻ നൽകുന്ന ദാനധർമമായി അല്ലാഹു അത് രേഖപ്പെടുത്തുന്നു. അല്ലാഹു അവന്റെ അടിമകൾക്ക് നൽകുന്ന ഔദാര്യമാണത്. യഥാർത്ഥത്തിൽ അയാൾ കൃഷി ചെയ്യുന്നത് ധാനധർമത്തിന്റെ പ്രതിഫലം ഉദ്ദേശിച്ചല്ല. വിൽക്കാനോ ഭക്ഷണത്തിനോ വേണ്ടി മാത്രമാണ്.

ഇത് കൃഷിയിൽ മാത്രം ഒതുങ്ങുന്ന കാര്യമല്ല. മുസ്‌ലിം ചെയ്യുന്ന എല്ലാ നല്ല കാര്യങ്ങൾക്കും ബാധകമാകുന്നു. അതിൽ നിന്ന് മറ്റൊരാൾ ഗുണം അനുഭവിക്കുന്നുവെങ്കിൽ അവൻ പ്രതിഫലാർഹനാണ്. ഒരാൾ ഒരു കിണർ കുഴിക്കുന്നു അതിൽ നിന്ന് മനുഷ്യനോ പക്ഷികളോ കന്നുകാലികളോ വെള്ളം കുടിക്കുന്നു, അല്ലെങ്കിൽ ഒരു കുട സ്ഥാപിക്കുന്നു. അതിൽ നിന്ന് മനുഷ്യരോ പക്ഷികളോ കന്നുകാലികളോ തണൽ തേടുന്നു. അതിൽ അയാൾക്ക് പ്രതിഫലം

ഉണ്ട്. അപ്രകാരം എല്ലാ ജനോപകാര പ്രവർത്തനങ്ങളും പ്രതിഫലാർഹമാണ്.



# 22

അബൂ ഹുറയ്റ(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: നബി(സ)ക്ക് ഒരു വ്യക്തിയുമായി കട ബാധ്യതയുണ്ടായിരുന്നു. അങ്ങനെ കട ബാധ്യത തീർക്കാൻ ആവശ്യപ്പെട്ടു വരികയും അയാൾ വളരെ പരുഷമായി പെരുമാറുകയും ചെയ്തു. നബി(സ) യുടെ അനുചരന്മാർ അയാളെ കൈകാര്യം ചെയ്യാൻ വിചാരിച്ചു. അപ്പോൾ നബി(സ) പറഞ്ഞു: "അയാളെ വിടു. തീർച്ചയായും അവകാശികൾക്ക് സംസാരിക്കാൻ അവകാശമുണ്ട്." (ബുഖാരി 2306, മുസ്ലിം 1601)

## വിശദീകരണം:

കുറച്ചു കാലത്തിനു ശേഷം പണം നൽകാമെന്ന പരസ്പര ധാരണയിൽ നബി(സ) ഒരാളിൽ നിന്ന് ഒരു ഒട്ടകത്തെ വാങ്ങിയിരുന്നു. ആ കാലയളവ് പൂർത്തിയായപ്പോൾ നബി(സ) യിൽ നിന്ന് പണം വാങ്ങാൻ ഉദ്ദേശിച്ചു അയാൾ വന്നു. നബി സന്നിദ്ധിയിൽ പ്രവേശിച്ച് വളരെ ദേഷ്യത്തോടെ കൂടി ശബ്ദമുയർത്തി ആവശ്യം ഉന്നയിച്ചു.

അയാളുടെ സംസാരം കേട്ടപ്പോൾ സ്വഹാബിമാർക്ക് ദേഷ്യം വന്നു. അവർ അയാളെ അടിക്കുമെന്നായി. കാരണം റസൂൽ(സ)യോട് പാലിക്കേണ്ട മര്യാദകളൊന്നും പാലിക്കാതെയായിരുന്നു അയാളുടെ സംസാരം. എന്നാൽ നബി(സ) അവരോട് പറഞ്ഞു: 'അയാളെ വിട്ടേക്കുക. തീർച്ചയായും അവകാശികൾക്ക് സംസാരിക്കാൻ അവകാശമുണ്ട്.' അഥവാ അയാൾ തന്റെ അവകാശമാണ് ആവശ്യപ്പെടുന്നത് എന്നതിനാൽ അദ്ദേഹത്തിന് സംസാരിക്കാൻ അവകാശമുണ്ട് എന്നർത്ഥം.

ജനങ്ങളുമായുള്ള ഇടപാടുകളിൽ ശ്രദ്ധിക്കേണ്ട സുപ്രധാനമായ ചില പാഠങ്ങൾ ഈ ഹദീസിൽ നമുക്കുണ്ട്. ഒരാൾ അയാളുടെ അവകാശത്തിൽ പെട്ട വല്ലതും ചോദിക്കുമ്പോൾ അത് ഗൗരവപൂർവ്വം കേൾക്കുകയും പരിഗണിക്കുകയും ചെയ്യുക. ഇനി അയാൾ ദേഷ്യത്തോടെ സംസാരിച്ചാലോ ശബ്ദമുയർത്തിയാലോ അതിൽ അയാളെ ആക്ഷേപിക്കുകയും അരുത്.

അതിനാൽ നബി(സ)യുടെ മര്യാദകൾ ചേർത്തുപിടിക്കുക, ജനങ്ങളുടെ അവകാശങ്ങൾ വകവച്ചു നൽകുക. അത് നമുക്കിടയിലെ പ്രശ്നങ്ങളും തർക്കങ്ങളും അഭിപ്രായ വ്യത്യാസങ്ങളും ലഘൂകരിക്കാൻ സഹായിക്കും. തീർച്ച.

# 23

അബു കതാദ(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: "ഉയർത്തെഴുന്നേൽപ്പ് നാളിലെ പ്രയാസങ്ങളിൽ നിന്ന് അല്ലാഹുവിന്റെ രക്ഷ ലഭിക്കാൻ ആഗ്രഹിക്കുന്നവരാരോ അവർ പ്രയാസപ്പെടുന്നവന് ആശ്വാസം നൽകുകയോ അവനിൽ നിന്നത് ദൂരീകരിക്കുകയോ ചെയ്യട്ടെ." (മുസ്‌ലിം 1563)

## വിശദീകരണം:

അടിമകളെ അല്ലാഹു വിചാരണ ചെയ്യുന്ന ദിവസമാണ് ഖിയാമത്ത് നാൾ. അവർ മുൻകൂട്ടി ചെയ്ത നന്മ തിന്മകൾക്ക് ഉള്ള പ്രതിഫലം അവിടെ നൽകപ്പെടും. അവർ അഭിപ്രായ ഭിന്നതയിലായിരുന്ന വിഷയത്തിൽ അവർക്കിടയിൽ വിധി കൽപ്പിക്കും. ശേഷം സ്വർഗ്ഗ നരകങ്ങൾ തീരുമാനിക്കപ്പെടും.

ആ ദിനത്തിൽ ഭയാനകമായ ഭീകരതകളാലും ആശ്ചര്യകരമായ അവസ്ഥകളാലും ജനങ്ങൾ ഏറെ ക്ലേശിക്കും.

ആരാണോ ആ ഭീകരതകളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും രക്ഷ ലഭിക്കാൻ അല്ലാഹുവിന്റെ സഹായം ആഗ്രഹിക്കുന്നത് അവർ പ്രയാസപ്പെടുന്നവർക്ക് ആശ്വാസം നൽകുകയോ അവരുടെ പ്രയാസം ദുരീകരിക്കുകയോ ചെയ്യുക.

പ്രയാസപ്പെടുന്നവരെ ആശ്വാസം നൽകുക ആ പ്രയാസങ്ങളിൽ നിന്ന് മോചനം നൽകുക എന്നിവ സ്തുത്യർഹമായ സൽകർമമാണ്. നിർബന്ധ ബാധ്യതയല്ലെങ്കിലും അതി മഹത്തായ തിരുചര്യയാണ്. തിരികെ നൽകാനുള്ള പണത്തിന് അവധി നീട്ടി നൽകുക (അതാണ് ആശ്വാസം നൽകൽ) അല്ലെങ്കിൽ പൂർണ്ണമായോ ഭാഗികമായോ വിട്ടുകൊടുക്കുക (അതാണ് ദുരീകരണം) എന്നതാണിവിടെ ഉദ്ദേശം.

നിങ്ങളിൽ നിന്ന് ഒരാൾ കടം വാങ്ങുകയും നിശ്ചയിച്ച അവധി എത്തുകയും ചെയ്തു. എന്നാൽ തിരികെ തരാൻ കഴിയാത്ത വിധം അയാൾ പ്രയാസത്തിലാണെന്നു നിങ്ങൾ അറിയുന്നു. എങ്കിൽ അവന് സാവകാശം നൽകുകയോ വിട്ടുവീഴ്ച ചെയ്യുകയോ പൂർണ്ണമായോ ഭാഗികമായോ വിട്ടു നൽകുകയോ ചെയ്യുക. അങ്ങനെ പ്രവർത്തിച്ചാൽ മഹത്തായ നന്മയിലാണ് നിങ്ങളുണ്ടാവുക. അതുവഴി ഖിയാമത്ത് നാളിലെ പ്രയാസങ്ങളിൽ നിന്നുള്ള മോചനവും അല്ലാഹുവിന്റെ തൃപ്തിയും സ്വർഗീയ വിജയവും നിങ്ങൾക്ക് പ്രതീക്ഷിക്കാം.

# 24

അബൂ ഹുറയ്റ(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: "വഞ്ചിക്കുന്നവൻ നമ്മിൽ പെട്ടവനല്ല." (മുസ്‌ലിം 101)

## വിശദീകരണം:

മദീനയിലെ അങ്ങാടികളിലൊന്നിലൂടെ നടക്കുകയായിരുന്ന നബി തിരുമേനി (സ) ഒരു കച്ചവടക്കാരന്റെ മുന്നിലൂടെ കടന്നുപോയി. ഗോതമ്പോ അത് പോലുള്ള മറ്റേതോ ധാന്യത്തിന്റെ ഒരു കൂമ്പാരം അയാളുടെ മുമ്പിലുണ്ട്. അതിൽ മഴ പെയ്ത നനവുണ്ടായിരുന്നു. ആ നനവ് മറച്ചുവെക്കാൻ അയാൾ ശ്രമിക്കുന്നുണ്ട്. ജനങ്ങൾ കാണാതിരിക്കാൻ നനഞ്ഞ ധാന്യം അയാൾ താഴേക്ക് മാറ്റി.

ആ ചരക്കിന് ന്യൂനത ഉള്ളതായി നബി(സ)ക്ക് അനുഭവപ്പെട്ടു. അദ്ദേഹം തന്റെ കൈകൾ ആ ഭക്ഷണ കൂമ്പാരത്തിൽ പ്രവേശിപ്പിച്ചു. പ്രവാചകന് നനവ് അനുഭവപ്പെട്ടു. അപ്പോൾ അയാൾ അതിന്റെ കാരണം വിശദീകരിച്ചു. നബി(സ) പറഞ്ഞു: 'ജനങ്ങൾ കാണും വിധം മുകൾ ഭാഗത്തേക്ക് മാറ്റി കൂടായിരുന്നോ? വഞ്ചിക്കുന്നവൻ നമ്മിൽ പെട്ടവനല്ല.'

തീർച്ചയായും ഒരു കച്ചവടക്കാരൻ തന്റെ ഇടപാടുകളിൽ സത്യസന്ധനും വ്യക്തതയുള്ളവനുമാവണം. കച്ചവട ചരക്കിന് ഇല്ലാത്ത മേന്മകൾ പറഞ്ഞുണ്ടാക്കരുത്. ജനങ്ങൾ വാങ്ങാൻ വിമുഖരാവും വിധമുള്ള ന്യൂനതകൾ പോലും മറച്ചു വെക്കരുത്. അന്യായമായ വില ഈടാക്കരുത്.

വഞ്ചനയെന്ന നിന്ദ്യമായ പാപത്തിൽ നിന്നും ആക്ഷേപകരമായ സ്വഭാവത്തിൽ നിന്നും ഈ ഹദീസ് നമ്മെ ശക്തമായി വിലക്കുന്നു. ആ സ്വഭാവം ത്യജിക്കാനും അതിൽ ജാഗ്രത പുലർത്താനും പ്രേരിപ്പിക്കുന്നു. പഠനം, ജോലി, കച്ചവടം തുടങ്ങി ഏത് കാര്യത്തിലും

ഒരു മുസ്ലിം വഞ്ചന കാണിക്കരുത്. വഞ്ചന - അതിന്റെ എല്ലാ രൂപവും എല്ലാ ഇനവും - അല്ലാഹുവിന്റെ മതത്തിൽ നിഷിദ്ധമാണ്.

# 25

അബു ഉമാമ(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: "(വ്യാജമായി) സത്യം ചെയ്ത് മുസ്ലിംകളുടെ അവകാശം തട്ടിയെടുക്കുന്നവന് അല്ലാഹു നരകം നിർബന്ധമാക്കിയിട്ടുണ്ട്. സ്വർഗ്ഗം നിഷിദ്ധമാക്കിയിട്ടുമുണ്ട്." അപ്പോൾ ഒരാൾ ചോദിച്ചു; "അത് (ആ കള്ളസത്യം ചെയ്തത്) ഒരു ചെറിയ കാര്യത്തിനാണെങ്കിലോ തിരുദൂതരേ?" നബി(സ) പറഞ്ഞു: "അത് ഒരു അറാകിന്റെ (പല്ലുതേക്കുന്ന മരക്കമ്പ്) കഷ്ണത്തിനാണെങ്കിലും ശരി!" (മുസ്‌ലിം 137)

## വിശദീകരണം:

ഇസ്‌ലാമിക നിയമം വളരെയധികം ശ്രദ്ധിച്ചിട്ടുള്ള കാര്യങ്ങളിൽ ഒന്നാണ് ജനങ്ങളുടെ അവകാശങ്ങൾ. പണമോ മറ്റെന്തെങ്കിലുമോ ആയാലും ഒരുവന്റെ അവകാശങ്ങൾ അപഹരിക്കുന്നത് അനുവദനീയമല്ല.

ഈ ഹദീസിൽ, ആളുകളുടെ അവകാശങ്ങൾ കവർന്നെടുക്കുന്നതിനെതിരെ പ്രവാചകൻ(സ) മുന്നറിയിപ്പ് നൽകുന്നു. ഒരു മുസ്ലിമിന്റെ അവകാശങ്ങൾ കള്ള സത്യം ചെയ്ത് തട്ടിയെടുക്കുന്നവന്റെ പ്രതിഫലം നരക പ്രവേശനവും സ്വർഗ പ്രവേശം തടയപ്പെടലുമാണെന്നും അവിടുന്ന് അറിയിക്കുന്നു.

ഈ വാക്കുകൾ കേട്ടപ്പോൾ പ്രവാചകന്റെ അനുചരന്മാർ അദ്ദേഹത്തോട് ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, അത് ചെറിയ കാര്യമാണെങ്കിലോ? അതായത് ജനങ്ങളുടെ അവകാശങ്ങളിൽ നിന്ന് തട്ടിയെടുക്കപ്പെടുന്ന അവകാശം ചെറിയ കാര്യമാണെങ്കിൽപ്പോലും ഇങ്ങനെ ശിക്ഷിക്കപ്പെടുമോ? പ്രവാചകൻ(സ) പറഞ്ഞു: 'അത് ഒരു അറാകിന്റെ കഷ്ണത്തിനാണെങ്കിലും ശരി!.'

ജനങ്ങളുടെ ധനവും അവരുടെ അവകാശങ്ങളും ഹനിക്കുന്നത് ഗൗരവകരമായ കാര്യമാണ്. പല്ല് തേക്കാൻ ഉപയോഗിക്കുന്ന അറാക്കിന്റെ കമ്പ് പോലെ അതെത്ര ചെറുതാണെങ്കിലും ശരി.

# 26

അബൂ മൂസൽ അശ്അരി(റ) വിൽ നിന്ന് നിവേദനം, നബി(സ) അദ്ദേഹത്തെയും മുആദി(റ)നേയും യമനിലേക്ക് നിയോഗിച്ചു. അവരോട് പറഞ്ഞു: "നിങ്ങൾ എളുപ്പമുണ്ടാക്കുക, പ്രയാസമുണ്ടാക്കരുത്, സന്തോഷവാർത്ത അറിയിക്കുക, വെറുപ്പിക്കരുത്, യോജിക്കുക, ഭിന്നിക്കരുത്" (ബുഖാരി 3038, മുസ്ലിം 1733)

## വിശദീകരണം:

പ്രസിദ്ധരായ രണ്ട് സ്വഹാബിമാരെ നബി(സ) യമനിലേക്ക് നിയോഗിച്ചു. മുആദ് ബ്ൻ ജബൽ(റ), അബൂ മൂസൽ അശ്അരി(റ) എന്നിവരായിരുന്നു അവർ. ഇസ്ലാമിക പ്രബോധനത്തിനും അധ്യാപനത്തിനും വേണ്ടിയായിരുന്നു അത്. അവർ യാത്ര പുറപ്പെടും മുമ്പ് സംക്ഷിപ്തമെങ്കിലും മഹത്തരമായ ചില ഉപദേശങ്ങൾ നബി(സ) അവർക്ക് നൽകി.

നബി(സ) പറഞ്ഞു: 'നിങ്ങൾ എളുപ്പമുണ്ടാക്കുക പ്രയാസപ്പെടുത്തരുത്' അഥവാ ജനങ്ങളോട് നേർമയിൽ പെരുമാറുക. കാഠിന്യമോ പ്രയാസപ്പെടുത്തലോ കൂടാതെ അല്ലാഹുവിന്റെ ദീൻ പ്രബോധനം ചെയ്യുക. മതമെന്നത് എളുപ്പമാണെന്നും പ്രയാസമോ ക്ലേശമോ അല്ലയെന്നും അല്ലാഹുവിന്റെ അടിമകളെ അറിയിക്കുക.

അവരോട് വീണ്ടും പറഞ്ഞു: "നിങ്ങൾ സന്തോഷിപ്പിക്കുക വെറുപ്പിക്കരുത്" ജനങ്ങളോട് അവർ ആഗ്രഹിക്കുന്ന അല്ലാഹുവിന്റെ ഔദാര്യത്തെക്കുറിച്ചുള്ള സുവാർത്ത അറിയിച്ചു കൊണ്ട് സംസാരിക്കുക. സത്യവിശ്വാസം സ്വീകരിക്കുന്നതിൽ നിന്നോ സൽകർമം പ്രവർത്തിക്കുന്നതിൽ നിന്നോ അവരെ തടയും വിധം വെറുപ്പുളവാക്കുന്ന രീതിയിൽ അവരോട് സംസാരിക്കാതിരിക്കുക.

ശേഷം എല്ലാ സഹോദരന്മാർക്കും സുഹൃത്തുക്കൾക്കുമുള്ള മൂന്നാമത്തെ ഉപദേശം നബി അവർക്ക് നൽകി. റസൂൽ(സ) പറഞ്ഞു: "നിങ്ങൾ യോജിക്കുക, ഭിന്നിക്കരുത്." അഥവാ നിങ്ങളിരുവരും പരസ്പരം അനുസരിക്കുക. നിങ്ങളിലൊരാൾ അപരനിൽ

ഏതെങ്കിലും ഒരു വിഷയത്തിൽ കുശാഗ്രതയുള്ളതായി കണ്ടാൽ അവനെ അനുസരിക്കുക. സ്നേഹവും കരുണയും ഹൃദയങ്ങളിൽ അവശേഷിക്കാനും സൗഹൃദവും സ്നേഹബന്ധവും നിലനിൽക്കാനും അതു കാരണമാകും.

ഇതിൽനിന്ന് സുപ്രധാനമായ മറ്റൊരു കാര്യം കൂടി നാം ഗ്രഹിക്കുന്നു. ഒരാൾ തന്റെ സുഹൃത്തുക്കളെ അനുസരിക്കുകയും കഴിയുന്നിടത്തോളം അഭിപ്രായ ഭിന്നത പ്രകടിപ്പിക്കാതിരിക്കുകയും ചെയ്യുന്നത് നബിചര്യയിൽ പെട്ടതാണ്. അധികരിച്ച അഭിപ്രായ വ്യത്യാസങ്ങളും തർക്കങ്ങളും എതിർപ്പുകളും തിരുചര്യക്ക് വിരുദ്ധവുമാണ്.

# 27

അബൂ മൂസൽ അശ്അരി(റ)വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു: 'നമുക്ക് (മുസ്ലിംകൾക്ക്) എതിരിൽ ആയുധം എടുക്കുന്നവൻ നമ്മിൽ പെട്ടവനല്ല.' (ബുഖാരി 7071, മുസ്ലിം 100)

## വിശദീകരണം:

അല്ലാഹുവിന്റെ മഹാ അനുഗ്രഹമാണ് നിർഭയത്വം.ജീവിതത്തിന് അത്യന്താപേക്ഷിതമാണത്.

അല്ലാഹു തന്റെ അടിമകൾക്ക് നിർഭയത്വം എന്ന അനുഗ്രഹം സമ്മാനമായി നൽകി. അല്ലാഹു പറയുന്നു: 'അതിനാൽ ഈ ഭവനത്തിന്റെ രക്ഷിതാവിനെ അവർ ആരാധിച്ചുകൊള്ളട്ടെ. അതായത് അവർക്ക് വിശപ്പിന്ന് ആഹാരം നൽകുകയും, ഭയത്തിന് പകരം സമാധാനം നൽകുകയും ചെയ്തവനെ.' (സൂ. ഖുറൈഷ് 3,4)

നിർഭയത്വം നിലനിൽക്കേണ്ടതിന്റെ പ്രാധാന്യം മുൻനിർത്തി ജനങ്ങളെ ഭയപ്പെടുത്തുക, അവർക്കിടയിൽ ഭീതി പരത്തുക, വധഭീഷണി ഉയർത്തുക തുടങ്ങിയ ലക്ഷ്യത്തിൽ ആയുധങ്ങൾ കൈവശം വെക്കുന്നതിനെതിരെ നബി(സ) മുന്നറിയിപ്പ് നൽകി.

ഭരണാധികാരികളെ അനുസരിക്കാതിരിക്കുക, നിയമ ലംഘനം നടത്തുക, പൊതു ധാരയിൽ നിന്ന് ഭിന്നിക്കുക എന്നീ ലക്ഷ്യങ്ങൾക്കായും ആയുധം ഉയർത്തുവനും ഈ മുന്നറിയിപ്പ് ബാധകമാകുന്നു.

'നമുക്കെതിരിൽ ആയുധമെടുക്കുന്നവൻ നമ്മിൽ പെട്ടവനല്ല' എന്ന ഈ വചനം, മേൽ കാരണങ്ങളാൽ ആയുധമെടുക്കുന്നവൻ മുഹമ്മദ് നബി(സ)യുടെ അനുയായികളിൽ പെട്ടവനല്ല എന്നത് തെളിയിക്കുന്നു. ഇത് വലിയ പാപവുമാണുതാനും.

# 28

അബ്ദുല്ലാഹ് ബിൻ മുഗഫിൽ(റ) വിൽ നിന്ന് നിവേദനം അദ്ദേഹം പറഞ്ഞു; നബി(സ) കവണയേറ് നിരോധിച്ചു കൊണ്ട് പറഞ്ഞു: 'തീർച്ചയായും അത് കൊണ്ട് നിങ്ങൾക്ക് വേട്ട മൃഗത്തെ കൊലപ്പെടുത്താനോ ശത്രുവിനെ തുരത്താനോ കഴിയില്ല, മറിച്ച് അത് കണ്ണ് ചൂഴ്ന്നെടുക്കുകയും പല്ല് തകർക്കുകയും ചെയ്യുന്നു.' (ബുഖാരി 6220, മുസ്ലിം 1954).

## വിശദീകരണം:

ഐഹികവും പാരത്രികവുമായ കാര്യങ്ങളിൽ ഉപകാരമുളളവ ജനങ്ങളെ പഠിപ്പിക്കാനും ഉപദ്രവം ഉണ്ടാക്കുന്നവയിൽ മുന്നറിയിപ്പ് നൽകാനും നബി(സ) വളരെ തൽപരനായിരുന്നു. അതിനാൽ ഇപ്രകാരം അല്ലാഹു അദ്ദേഹത്തെ പ്രശംസിക്കുകയുണ്ടായി 'തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നു തന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുളളവനും, സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം.' (സൂ. തൗബ 128) അത് അല്ലാഹുവിന്റെ അനുഗ്രഹമാണുതാനും. 'തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതികേൾപിക്കുകയും, അവരെ സംസ്കരിക്കുകയും, അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു.' (സൂ. ആലു ഇംറാൻ: 164)

ഇസ്ലാമിന്റെ തുടക്കകാലത്തും ജാഹിലിയ്യ കാലഘട്ടത്തിലും ചിലർ ചെയ്തുവന്നിരുന്ന കവണയേറ് എന്ന കാര്യത്തെ തൊട്ട് വിലക്കുകയാണ് ഈ വചനം. അഥവാ കൈകൾ ഉപയോഗിച്ച് പ്രത്യേക വിധം കല്ലെറിയുന്ന രീതിയാണത്. നിരോധന കാരണമെന്തെന്നും നബി വിശദീകരിക്കുന്നു. കവണയേറ് കൊണ്ട് യാതൊരു ഉപകാരവും ഇല്ല. ചില ഉപദ്രവങ്ങൾ ഉണ്ട് താനും. വേട്ടമൃഗത്തെ കൊലപ്പെടുത്താനോ ശത്രുവിനെ പരാജയപ്പെടുത്താനോ അത്

പര്യാപ്തമല്ല. പ്രത്യുത പല്ല് പൊട്ടിക്കുകയും കാഴ്ച ശക്തി നശിപ്പിക്കുകയും ചെയ്യുന്നു.

വലിപ്പ ചെറുപ്പമില്ലാതെ എല്ലാ ജനങ്ങൾക്കുമുള്ള നിരോധനമാണിത്. മുതിർന്നവരേക്കാൾ ചെറിയവരാണ് കൂടുതൽ ശ്രദ്ധിക്കേണ്ടത്. അവർക്കിടയിലാണല്ലോ അത് കൂടുതൽ വ്യാപിച്ചിട്ടുള്ളത്. അവരെ ഈ വിഷയത്തിൽ ഉപദേശിക്കാനും ബോധ്യപ്പെടുത്താനും നമുക്ക് സാധിക്കട്ടെ.

# 29

അനസ് ബിൻ മാലിക്(റ)വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; "പത്തുവർഷം നബി(സ)ക്ക് ഞാൻ സേവനം ചെയ്തു. ഒരിക്കൽ പോലും എന്നോട് അവിടുന്ന് 'ഛെ' എന്ന് പറഞ്ഞിട്ടില്ല." (ബുഖാരി 6038, മുസ്ലിം 2309).

## വിശദീകരണം:

മക്കയിൽ നിന്ന് പാലായനം ചെയ്തു മദീനയിൽ എത്തിയ നബി(സ)യുടെ അരികിലേക്ക് അനസ് ബിൻ മാലിക്ക്(റ)ന്റെ മാതാവ് അദ്ദേഹവുമായി കടന്നുവന്നു പറഞ്ഞു. 'അല്ലാഹുവിന്റെ തിരുദൂതരേ, ഇതെന്റെ മകൻ അനസാണ്. അങ്ങേക്ക് സേവനത്തിനു വേണ്ടിയാണ് ഞാനിവനെ താങ്കളുടെ അരികിൽ കൊണ്ടു വന്നത്.' നബി(സ) അദ്ദേഹത്തെ സ്വീകരിച്ചു.

അന്ന് മുതൽ നബി(സ)യുടെ സേവകനായി അനസ്(റ) ജോലി ചെയ്തു. പ്രവാചകന്റെ നിരവധി ആവശ്യങ്ങൾ നിറവേറ്റി നൽകി. വളരെ കുറച്ച് മാത്രമേ നബി(സ)യുടെ അരികിൽ നിന്ന് മാറിയിരുന്നുള്ളു.

ഈ ഹദീസിൽ നബി(സ)യുടെ സ്വഭാവത്തെക്കുറിച്ച് അനസ്(റ) വിവരിക്കുന്നു. പത്ത് വർഷങ്ങൾ അദ്ദേഹം നബി(സ)ക്ക് സേവനം ചെയ്തു. ആ നീ കാലയളവിൽ ഒരിക്കൽ പോലും ആക്ഷേപിക്കുന്നതോ ചീത്ത വിളിക്കുന്നതോ വേദനിപ്പിക്കുന്നതോ ആയ ഒരു വാക്ക് പോലും അദ്ദേഹം കേട്ടിട്ടില്ല. 'ഛെ' എന്ന വാക്ക് പോലും അവിടുന്ന് പറയുന്നതായി അദ്ദേഹം കേട്ടിട്ടില്ല.

നബി(സ)യുടെ അതിവിശിഷ്ടമായ സ്വഭാവ മഹിമയാണത് വിളിച്ചോതുന്നത്. പ്രായമുള്ളവരോടും ചെറിയവരോടും പ്രമാണിമാരോടും സേവകരോടും എല്ലാം ഒരുപോലെയായിരുന്നു അവിടുന്ന് പെരുമാറിയിരുന്നത്.

നമ്മുടെ കീഴിലുള്ള ഉദ്യോഗസ്ഥരോടും സേവകരോടും നേർമയിൽ പെരുമാറണമെന്ന് ഈ ഹദീസ് പഠിപ്പിക്കുന്നു. കാരണം അവരും നമ്മെ പോലുള്ള മനുഷ്യരാണ്. അവരെ വിലവെക്കുകയും ആദരിക്കുകയും അവകാശങ്ങൾ വകവച്ചു നൽകുകയും ചെയ്യേണ്ടത് നമ്മുടെ ബാധ്യതയാണ്.

# 30

അബൂ ഹുറയ്റ(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ തിരുദൂതർ(സ) പറഞ്ഞിരിക്കുന്നു: "നിങ്ങളിലൊരാൾ ഒരു ഇരിപ്പിടത്തിൽ നിന്ന് (വല്ല ആവശ്യത്തിനും) എഴുന്നേൽക്കുകയും പിന്നീട് അതിലേക്ക് തന്നെ മടങ്ങുകയും ചെയ്താൽ, അയാൾക്കാണ് അത് (സ്വന്തമാക്കാൻ) കൂടുതൽ അവകാശം." (മുസ്ലിം 2179)

## വിശദീകരണം:

സമ്പൂർണ്ണമായ മതമാണ് നമ്മുടേത്. ഐഹികവും പാരത്രികവുമായ ജീവിതത്തിൽ നമുക്ക് ഉപകാരമുള്ള ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും വ്യക്തമായി അതിൽ പ്രതിപാദിക്കുന്നുണ്ട്. അതിൽ പെട്ട ഒരു കാര്യമാണ് ഈ ഹദീസ് പഠിപ്പിക്കുന്നത് സദസ്സുകളിൽ പാലിക്കേണ്ട മര്യാദയാണത്.

ആ മര്യാദ ഇതാണ്; ഒരാൾ ഒരു ഇരിപ്പിടത്തിൽ ഇരിക്കുകയും (ചില ആവശ്യങ്ങൾക്കായി) അതിൽ നിന്ന് എഴുന്നേൽക്കുകയും ചെയ്യുന്നു. (ആവശ്യം നിർവഹിച്ചതിനുശേഷം അയാൾ) ആ ഇരിപ്പിടത്തിലേക്ക് മടങ്ങുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അയാളാണ് അതിന് ഏറ്റവും അർഹനായ വ്യക്തി. അയാളിൽ നിന്ന് ആ ഇരിപ്പിടം സ്വന്തമാക്കൽ മറ്റുള്ളവർക്ക് അനുവദനീയമല്ല. എപ്പോൾ തിരിച്ചെത്തിയാലും ആ ഇരിപ്പിടത്തിന് ഏറ്റവും അവകാശം അയാൾക്ക് തന്നെയാണ് .

പഠന ക്ലാസുകൾ, വൈജ്ഞാനിക സദസ്സുകൾ, മസ്ജിദുകൾ, പൊതു ഇടങ്ങൾ തുടങ്ങി എല്ലായിടത്തും ഈ മര്യാദ ബാധകമാണ്. തന്റെ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേൽക്കുന്ന വ്യക്തി അധികം താമസിയാതെ തിരികെ എത്തുമ്പോഴാണ് അയാൾ അതിന് അർഹനാകുന്നത്, ഒരുപാട് സമയത്തിന് ശേഷമാണ് മടങ്ങുന്നതെങ്കിൽ അയാൾക്ക് അതിനുള്ള അർഹതയില്ല. ഉദാഹരണമായി ളുഹർ നമസ്കാര ശേഷം തന്റെ സ്ഥാനത്തുനിന്ന് എഴുന്നേൽക്കുന്നയാൾ അസറിനോ മഗ്രിബിനോ അല്ലെങ്കിൽ പിറ്റേന്നോ ആണ് വരുന്നതെങ്കിൽ ആദ്യ ഇരിപ്പിടത്തിനയാൾ പ്രധാന അവകാശിയാവുന്നില്ല.

മിക്കവാറും തർക്കങ്ങൾ ഉടലെടുക്കുന്നത് (പ്രത്യേകിച്ച് യുവാക്കൾക്കിടയിൽ) സ്ഥാനങ്ങൾക്കോ ഇരിപ്പിടങ്ങൾക്കോ വേണ്ടിയാകും . വീടുകളിലോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ ഉള്ള ഇരിപ്പിടങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേകിച്ചും.

സദസ്സുകളിൽ പാലിക്കേ മതപരമായ മര്യാദകൾ മുറുകെ പിടിക്കുക വഴി നമുക്കിടയിലെ ഐക്യം ദൃഢമാവുകയും അഭിപ്രായവ്യത്യാസങ്ങൾ കുറയുകയും ചെയ്യും.

# 31

അബൂ ഹുറയ്റ(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: 'ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമിനോടുള്ള കടമകൾ ആറാകുന്നു. കണ്ടാൽ സലാം പറയുക, ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കുക, ഉപദേശം ആവശ്യപ്പെട്ടാൽ ഉപദേശിക്കുക, അവൻ തുമ്മിയിട്ട് അല്ലാഹുവിനെ സ്തുതിച്ചാൽ അവന്നുവേണ്ടി പ്രാർഥിക്കുക, അവന്നു രോഗം ബാധിച്ചാൽ സന്ദർശിക്കുക, അവൻ മരണപ്പെട്ടാൽ ജനാസയെ അനുഗമിക്കുക.' (മുസ്‌ലിം).

## വിശദീകരണം:

ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമിനോട് ധാരാളം കടമകളുണ്ട്. അതിൽ പ്രധാനപ്പെട്ട ആറു കാര്യങ്ങളാണ് ഈ ഹദീസിൽ പ്രസ്താവിക്കുന്നത്.

ഒന്നാമത്തെ കടമ: അഭിവാദ്യം ചെയ്യുക. നിന്റെ സഹോദരനെ കുമുട്ടിയാൽ അവനോട് സലാം പറയുക. നിന്നോട് ആരെങ്കിലും സലാം പറഞ്ഞാൽ തിരികെ നീയ്യും പ്രത്യഭിവാദ്യം ചെയ്യുക.

രണ്ടാമത്തെ കടമ: ക്ഷണം സ്വീകരിക്കുക. നിന്നെ ക്ഷണിച്ചാൽ ആ ക്ഷണത്തിന് ഉത്തരം നൽകുക. പ്രത്യേകിച്ച് വിവാഹ സദ്യയിലേക്ക് ക്ഷണിക്കപ്പെട്ടാൽ അതിനുത്തരം നൽകൽ വളരെ പ്രധാനവും നിർബന്ധ ബാധ്യതയുമാണ്.

മൂന്നാമത്തെ കടമ: ഉപദേശിക്കുക. നിന്റെ സഹോദരൻ നിന്നോട് എന്തെങ്കിലും ആവശ്യപ്പെടുകയോ ഉപദേശം തേടുകയോ ചെയ്താൽ ആത്മാർത്ഥമായും സത്യസന്ധമായും അവനാവശ്യമായ വിഷയത്തിൽ സംസാരിക്കുകയും ഉപദേശിക്കുകയും ചെയ്യുക.

നാലാമത്തെ കടമ: തശ്മീത്ത്. സഹോദരൻ തുമ്മുകയും എന്നിട്ടവൻ അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്താൽ അവന്റെ മേൽ നീ പ്രാർത്ഥിക്കുക. അഥവാ يرحمك الله പറയുക, يرحمك الله എന്ന് പറയപ്പെട്ടാൽ തുമ്മിയവൻ يهديكم الله و يصلح بالكم എന്ന് പറയുക.

അഞ്ചാമത്തെ കടമ: രോഗീ സന്ദർശനം. നിന്റെ മുസ്ലിമായ സഹോദരൻ രോഗിയായാൽ അവനെ സന്ദർശിക്കുക, നിന്റെ സന്ദർശനം അവന്റെ മനസ്സിൽ വലിയ സ്വാധീനം ഉണ്ടാക്കുമെന്നും അല്ലാഹുവിന്റെയടുക്കൽ നിനക്കത് വലിയ പ്രതിഫലം നേടിത്തരുമെന്നും മനസ്സിലാക്കുക.

ആറാമത്തെ കടമ: ജനാസയെ അനുഗമിക്കുക. ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമിനോടുള്ള കടമ മരണശേഷവും നിലനിൽക്കും. അവൻ മരണപ്പെട്ടാൽ അവന്റെ ജനാസയെ അനുഗമിക്കുക. അഥവാ മയ്യത്ത് നമസ്കാരത്തിന് വേണ്ടി പോവുകയും മറമാടാൻ മഖ്ബറയിലേക്ക് അനുഗമിക്കുകയും ചെയ്യുക. അതിൽ വലിയ നന്മകളുണ്ട്. മരണപ്പെട്ടവർക്ക് വേണ്ടി നല്ല പ്രാർത്ഥനകൾ അതിലുണ്ട്, ജീവിച്ചിരിക്കുന്നവർക്ക് ഉന്നതമായ പ്രതിഫലവും .

# 32

അബൂ ഹുറയ്റ(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; നബി(സ) പറഞ്ഞിരിക്കുന്നു: "നിങ്ങൾ വഴിയുടെ അവകാശങ്ങൾ വകവെച്ചു കൊടുക്കുക.' അനുചരന്മാർ ചോദിച്ചു: "എന്തൊക്കെയാണ് വഴിയുടെ അവകാശങ്ങൾ?' നബി(സ) പറഞ്ഞു: "ദൃഷ്ടി താഴ്ത്തുക, ഉപദ്രവങ്ങൾ തടയുക, പ്രത്യഭിവാദ്യം ചെയ്യുക, നന്മ കൽപിക്കുക, തിന്മ തടയുക.' (ബുഖാരി 2465, മുസ്ലിം 2121)

## വിശദീകരണം:

നബി(സ)യുടെ കാലത്ത് ജനങ്ങൾ പാതയോരങ്ങളിൽ ഇരിക്കാറുണ്ടായിരുന്നു. അവർ അവിടെ ഒരുമിച്ച് ചേരുകയും പരസ്പരം സംസാരിക്കുകയും സൗഹൃദങ്ങൾ പങ്കിടുകയും ചെയ്യും. അങ്ങനെയിരിക്കെ നബി(സ) അവരോട് നിർദ്ദേശിച്ചു: "നിങ്ങൾ വഴികളിൽ ഇരിക്കരുത്." അവർ പറഞ്ഞു "അല്ലാഹുവിന്റെ തിരുദൂതരേ അവിടെ ഇരിക്കൽ ഞങ്ങൾക്ക് അനിവാര്യമാണ്. കാരണം ആവശ്യങ്ങൾക്ക് വേണ്ടിയാണ് അവിടെ ഇരിക്കുന്നത്." നബി(സ) പ്രതിവചിച്ചു: "എങ്കിൽ വഴിയുടെ അവകാശങ്ങൾ വകവെച്ച് നൽകണം.' അവർ ചോദിച്ചു: "എന്തെല്ലാമാണ് വഴിയുടെ അവകാശങ്ങൾ?' തദവസരം ഈ നാല് അവകാശങ്ങൾ റസൂൽ അവർക്ക് വിവരിച്ചു കൊടുത്തു.

ഒന്ന്: ദൃഷ്ടി താഴ്ത്തുക. ഒരാൾ അങ്ങാടിയിൽ ഇരിക്കുമ്പോൾ തുറന്നു കിടക്കുന്ന വീടുകൾ കണ്ടേക്കും, അതിലേക്ക് നോക്കരുത്. അതുവഴി സ്ത്രീകൾ നടന്നു പോകും. അവരിൽ നിന്ന് ദൃഷ്ടികൾ താഴ്ത്തുക. അല്ലാഹു പറയുന്നു: '(നബിയേ) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാൻ പറയുക.' (സൂ. നൂർ 30)

രണ്ട്: ഉപദ്രവങ്ങൾ തടയുക. പാതകൾക്ക് ഇടുക്കമുണ്ടാക്കാതിരിക്കുക, ജനങ്ങൾക്ക് ഉപദ്രവം സ്രഷ്ടിക്കുന്ന മാലിന്യങ്ങളോ, ഉപേക്ഷിക്കപ്പെടുന്ന വസ്തുക്കളോ, മറ്റു വല്ലതുമോ വഴികളിൽ കൊണ്ടുപോയി നിക്ഷേപിക്കാതിരിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

മൂന്ന്: പ്രത്യഭിവാദ്യം ചെയ്യുക. ആരെങ്കിലും അഭിവാദ്യം ചെയ്താൽ അവിടെ ഇരിക്കുന്നവർ പ്രത്യാഭിവാദ്യം ചെയ്യേതുണ്ട്. കാരണം സലാം പറയൽ സുന്നത്താണ് എന്നാൽ അത് മടക്കൽ നിർബന്ധമാണ്. അല്ലാഹു പറയുന്നു: "നിങ്ങൾക്ക് അഭിവാദ്യം അർപ്പിക്കപ്പെട്ടാൽ അതിനെക്കാൾ മെച്ചമായി (അങ്ങോട്ട്) അഭിവാദ്യം അർപ്പിക്കുക. അല്ലെങ്കിൽ അതുതന്നെ തിരിച്ചുനൽകുക." (സൂ. നിസാഅ് 80)

നാല്: നന്മ കൽപ്പിക്കുക, തിന്മ വിരോധിക്കുക. നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന സത്യവിശ്വാസികളെ അല്ലാഹു പ്രകീർത്തിക്കുന്നുണ്ട്. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു കരുണ കാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്." (സൂ. തൗബ:71)

# 33

അബ്ദുല്ലാഹിബ്നു ഉമർ(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതർ(സ) പറഞ്ഞിരിക്കുന്നു: "തനിക്ക് വസിയ്യത്ത് ചെയ്യേണ്ട ഒരു കാര്യമുണ്ടായിരിക്കെ ആ വസിയ്യത്ത് തന്റെ പക്കൽ എഴുതി സൂക്ഷിക്കാതെ ഒരു രാത്രി പോലും കഴിച്ചുകൂട്ടുവാൻ മുസ്ലിമായ ഒരു മനുഷ്യനും പാടുള്ളതല്ല."
(ബുഖാരി 2738, മുസ്ലിം 1627)

## വിശദീകരണം:


ഒരാൾക്ക് വസിയ്യത്ത് ചെയ്യേണ്ട ഒരു കാര്യമുണ്ടെങ്കിൽ അത് വസിയ്യത്ത് ചെയ്യേണ്ടതിന്റെ മതനിയമം ഈ വചനം പഠിപ്പിക്കുന്നു.

കടം, സക്കാത്ത്, വിശ്വസിച്ചേൽപ്പിച്ച വസ്തുക്കൾ, ജാമ്യ വസ്തുക്കൾ, അതല്ലാത്ത മറ്റുള്ളവരുടെ അവകാശത്തിൽ പെട്ട വസ്തുക്കൾ എന്നിവ ഒരാൾക്ക് കൊടുത്ത് വീട്ടാനുണ്ടെങ്കിൽ അത് കൊടുത്തുവീട്ടാനുള്ള വസിയ്യത്ത് നൽകൽ അവന് നിർബന്ധമാണ്.

അങ്ങനെ ബാധ്യതകൾ ഒന്നുമില്ലെങ്കിൽ അവന്റെ മേൽ വസിയ്യത്തും നിർബന്ധമല്ല. പക്ഷേ പുണ്യകരമാണ്. തന്റെ സ്വത്തിന്റെ മൂന്നിലൊന്നോ അതിൽ കുറവോ ചാരിറ്റി പ്രവർത്തനങ്ങൾക്കും മറ്റു സൽകർമ്മങ്ങൾക്കും വേണ്ടി ഒരാൾക്ക് വസിയ്യത്ത് ചെയ്യാം.

വളരെ ചെറിയൊരു സംഖ്യയുടെ കടബാധ്യത, കടമായി വാങ്ങുന്ന ചരക്കുകൾ തുടങ്ങി മനുഷ്യർ നിത്യജീവിതത്തിൽ സ്ഥിരമായി ചെയ്യുന്ന ചെറിയ കാര്യങ്ങളാണെങ്കിൽ കൂടി അത് കൊടുത്തു വീട്ടാനുള്ള വസിയ്യത്ത് ചെയ്യൽ നിർബന്ധമാണെന്നാണ് വസ്തുത.

ഓർക്കുക, വസിയ്യത്തിന് നിയതമായ ഒരു രൂപമില്ല. വസിയ്യത്ത് ചെയ്യുന്നവൻ അവൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമായി ഗ്രഹിക്കും വിധം എഴുതുകയാണ് വേണ്ടത്. പേപ്പർ, ഇ-മെയിൽ, മൊബൈൽ ഫോൺ സന്ദേശം എന്നിവയിലൂടെ എഴുതി രേഖപ്പെടുത്തിയും ഇനി രേഖപ്പെടുത്താതെ വാചികമായും വസിയ്യത്ത് നൽകാം. ഇവയെല്ലാം നല്ലതും മതിയാകുന്നതുമാണ്. ഇൻഷാ അല്ലാഹ്.



# 34

അബ്ദുല്ലാഹിബ്നു ഉമർ(റ)വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതർ(സ) പറഞ്ഞിരിക്കുന്നു: "തീർച്ചയായും നിങ്ങളുടെ പിതാക്കളുടെ പേരിൽ സത്യം ചെയ്യുന്നത് അല്ലാഹു നിങ്ങളോട് വിരോധിച്ചിരിക്കുന്നു. ആരെങ്കിലും സത്യം ചെയ്യുന്നുവെങ്കിൽ അവൻ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യുക, അല്ലെങ്കിൽ മിണ്ടാതിരിക്കുക." (ബുഖാരി 6646, മുസ്ലിം 1646).

## വിശദീകരണം:

പ്രവാചകൻ(സ)യുടെ അനുചരന്മാർ ഇസ്‌ലാമിന്റെ ആദ്യ കാലത്ത് ജാഹിലിയ്യ പതിവനുസരിച്ച് അല്ലാഹുവല്ലാത്തവരുടെ പേരിൽ സത്യം ചെയ്യാറുണ്ടായിരുന്നു. അവരുടെ പിതാക്കളുടെ പേരിലും മഹത്വം, വിശ്വസ്തത തുടങ്ങിയവ മുൻ നിർത്തിയും അവർ സത്യം ചെയ്യും.

എന്നാൽ അല്ലാഹുവല്ലാത്തവരുടെ പേരിൽ സത്യം ചെയ്യുന്നത് നബി(സ) അവരോട് നിരോധിച്ചു. ഈ നിരോധനം കേട്ടപ്പോൾ തന്നെ ഉമർ(റ) അംഗീകരിക്കുകയും പിന്നീടൊരിക്കലും അല്ലാഹുവല്ലാത്തവരുടെ പേരിൽ സത്യം ചെയ്യുകയും ചെയ്തില്ല.

ഈ ഹദീസ് റിപ്പോർട്ട് ചെയ്തതിന് ശേഷം അബ്ദുല്ലാഹിബ്നു ഉമർ(റ) പറയുന്നുണ്ട്. ഉമർ(റ) പറഞ്ഞിരിക്കുന്നു. "അല്ലാഹു സത്യം, നബി(സ)യിൽ നിന്ന് അത് വിരോധിച്ചു കൊണ്ടുള്ള കൽപ്പന ഞാൻ കേട്ടതിനു ശേഷം പിന്നീടൊരിക്കലും അപ്രകാരം സത്യം ചെയ്തിട്ടേയില്ല."

അല്ലാഹുവിന്റെ കൽപ്പന കാലതാമസമോ മടിയോ ബലഹീനതയോ കൂടാതെ ദൃഢമായി അനുസരിക്കൽ മുസ്ലിമിന്റെ നിർബന്ധ ബാധ്യതയാണ്.

'നീയാണ് സത്യം,' 'നബിയാണ് സത്യം' 'കഅ്ബയാണ് സത്യം' എന്നിങ്ങനെ വിലക്കപ്പെട്ട സത്യം ചെയ്യലുകൾ ഈ കാലത്ത് നമുക്ക് കാണാനാവും. അവയെല്ലാം അല്ലാഹുവിൽ പങ്ക് ചേർക്കൽ ആണ്.

ഇബ്നു ഉമർ(റ) ഒരാൾ ഇങ്ങനെ പറയുന്നത് കേട്ടു: 'അല്ല, കഅ്ബയാണ് സത്യം.' അപ്പോൾ അദ്ദേഹത്തോട് ഇബ്നു ഉമർ പറഞ്ഞു: "അല്ലാഹുവിനെ കൊണ്ടല്ലാതെ സത്യം ചെയ്യരുത്. നിശ്ചയം അല്ലാഹുവിന്റെ റസൂൽ(സ) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. വല്ലവനും അല്ലാഹു അല്ലാത്തവരെ കൊണ്ട് സത്യം ചെയ്താൽ അവൻ അവിശ്വാസം പ്രവർത്തിച്ചു, അല്ലെങ്കിൽ ശിർക്ക് ചെയ്തു." (അഹമദ്, അബൂദാവൂദ്,തിർമുദി) ശൈഖ് അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചിരിക്കുന്നു.

# 35

അബൂ ഹുറയ്റ(റ) വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു; "നബി(സ) ഒരിക്കൽ പോലും ഒരു ഭക്ഷണത്തെയും കുറ്റം പറഞ്ഞിട്ടില്ല. അവിടുത്തേക്ക് ഇഷ്ടപ്പെട്ടാൽ ഭക്ഷിക്കും; ഇല്ലെങ്കിൽ ഒഴിവാക്കും." (ബുഖാരി 3563, മുസ്ലിം 2064).

## വിശദീകരണം:

മാന്യമായ സ്വഭാവത്തിന് ഉടമയായിരുന്നു നബി (സ). അദ്ദേഹം നല്ല വാക്കുകൾ ഇഷ്ടപ്പെട്ടിരുന്നു. ചീത്ത വാക്കുകൾ വെറുത്തിരുന്നു.

നബി(സ)യുടെ മര്യാദകളിൽ പെട്ട ഒരു മര്യാദയാണ് ഈ വചനത്തിലുള്ളത്. പ്രവാചകന്റെ മുമ്പിൽ കൊണ്ടുവരപ്പെട്ട ഒരു ഭക്ഷണത്തേയും ഒരിക്കലും അദ്ദേഹം കുറ്റം പറഞ്ഞിട്ടില്ല. ഇത് തണുത്ത ഭക്ഷണമാണ്, മോശം ഭക്ഷണമാണ്, വേവ് പാകമായിട്ടില്ല, ശുദ്ധമല്ല, ഉപ്പു കുറഞ്ഞു പോയി എന്നിങ്ങനെയുള്ള ആക്ഷേപകരമായ ഒരു പരാമർശവും അദ്ദേഹം നടത്തിയിട്ടില്ല. പ്രവാചകന്(സ) ഇഷ്ടപ്പെട്ടാൽ കഴിക്കുകയും ഇഷ്ടപ്പെട്ടില്ലെങ്കിൽ കഴിക്കാതിരിക്കുകയും ചെയ്യുകയായിരുന്നു അവിടുത്തെ പതിവ്. ആ ഭക്ഷണത്തെ ആക്ഷേപിക്കുമായിരുന്നില്ല.

അതിനാൽ പ്രവാചകനെ(സ) പിന്തുടരൽ നമ്മുടെ ബാധ്യതയാണ്. നാമൊരിക്കലും ഭക്ഷണത്തെ ആക്ഷേപിക്കരുത്. പകരം അല്ലാഹുവിനെ സ്തുതിക്കുകയും ആ അനുഗ്രഹത്തിന് നന്ദി കാണിക്കുകയും ചെയ്യുക. നന്മ വാക്കുകൾ മാത്രം പറയുക.



# 36

ബറാഉബ്നു ആസിബ്(റ) വിൽ നിന്ന്, അദ്ദേഹം പറഞ്ഞു; 'അല്ലാഹുവിന്റെ ദൂതർ(സ) മനുഷ്യരിൽ ഏറ്റവും സുമുഖനും സൽസ്വഭാവിയുമായിരുന്നു. വളരെ ഉയരം കൂടിയ വ്യക്തിയോ ഉയരം കുറഞ്ഞ വ്യക്തിയോ ആയിരുന്നില്ല.'
(ബുഖാരി 3549, മുസ്ലിം 2337/ 93).

## വിശദീകരണം:

മനുഷ്യരിൽ ഏറ്റവും സൽസ്വഭാവി ആയിരുന്നു നബി(സ). അഥവാ അവരോട് ഏറ്റവും നന്നായി പെരുമാറുന്ന വ്യക്തിയായിരുന്നു അദ്ദേഹം. വിശുദ്ധ ഖുർആൻ അതിലേക്കാണ് വിരൽ ചൂണ്ടുന്നത്. 'തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു.'(സൂ. ഖലം: 4)

സ്വഭാവത്തിലെ ഭംഗിയോടൊപ്പം രൂപ ഭംഗിയും അദ്ദേഹത്തിനുണ്ടായിരുന്നു. നല്ല ശരീര ഘടനയും ആകാര ഭംഗിയുമുള്ള വ്യക്തിയായിരുന്നുവെന്നർഥം. അക്കാര്യമാണ് ബറാഉബ്നു ആസിബ് എന്ന പ്രമുഖ സഹാബി വിവരിക്കുന്നത്. 'അല്ലാഹുവിന്റെ തിരുദൂതർ(സ) മനുഷ്യരിൽ ഏറ്റവും സുമുഖനും സൽസ്വഭാവിയുമായിരുന്നു.' മിതമായ ഉയരമുള്ളവരായിരുന്നു നബി (സ). അമിതമായ ഉയരമുള്ളവനോ ഉയരക്കുറവുള്ളയാളോ ആയിരുന്നില്ല അദ്ദേഹം.

മറ്റൊരു റിപ്പോർട്ടിൽ കാണാം. ബറാഅ് ബിൻ ആസിബ്(റ) വിൽ നിന്ന്: അദ്ദേഹം പറഞ്ഞു: 'റസൂൽ(സ) ശരാശരി ഉയരമുള്ളവരായിരുന്നു. അവിടുത്തെ ഇരു ചുമലുകളും വിശാലമായിരുന്നു. ചെവിക്കുറ്റി വരെ തിങ്ങി നിൽക്കുന്ന മുടിയുള്ളവരായിരുന്നു. ചുവന്ന വസ്ത്രമണിഞ്ഞ അദ്ദേഹത്തെ ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹത്തേക്കാൾ സൗന്ദര്യമുള്ള ഒരു വസ്തുവിനെയും ഞാൻ കണ്ടിട്ടില്ല'. (ബുഖാരി 3551, മുസ്ലിം 2337/ 91)

അനസ്(റ) വിൽ നിന്ന് നിവേദനം: 'അല്ലാഹുവിന്റെ റസൂൽ പ്രശോഭിതമായ നിറമുള്ള ആളായിരുന്നു'. (ബുഖാരി 3547, മുസ്ലിം 2330). ചുവപ്പിൽ വെളുപ്പ് കലർന്ന ശുഭ്ര നിറമായിരുന്നു അദ്ദേഹത്തിന്.

അബൂ ഹുറയ്റ(റ) പറയുന്നു: "ദൈവദൂതൻ വെള്ളി പോലെ വെളുത്തയാളായിരുന്നു." (ഇമാം തുർമുദി ; അശ്ശമാഇലുൽ മുഹമ്മദിയ 12)

ജാബിർ ബിൻ സമുറ(റ) വിൽ നിന്ന്: അദ്ദേഹം പറഞ്ഞു: "പൂർണ ചന്ദ്രൻ പ്രകാശിച്ചു നിൽക്കുന്ന രാത്രിയിൽ ഞാൻ റസൂലിനെ കാണുകയുണ്ടായി. ഞാൻ റസൂലിനെയും പൂർണ ചന്ദ്രനേയും മാറി മാറി നോക്കി. പൂർണ ചന്ദ്രനേക്കാൾ റസൂലിനാണ് സൗന്ദര്യമുള്ളതായി എനിക്ക് തോന്നിയത്." (തുർമുദി 3041)

അല്ലാഹുവിന്റെ രക്ഷയും സമാധാനവും അദ്ദേഹത്തിലും അവിടുത്തെ കുടുംബത്തിലും അവിടുത്തെ അനുചരന്മാരിലും വർഷിക്കുമാറാകട്ടെ.

## 37

അംറ് ബ്ന് ആസ്(റ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; ഞാൻ നബി(സ)യോട് ചോദിച്ചു: "താങ്കൾക്ക് ഏറ്റവും ഇഷ്ടമുള്ള വ്യക്തി ആരാണ്?" അവിടുന്ന് പറഞ്ഞു: "ആയിഷ." ഞാൻ ചോദിച്ചു: "പുരുഷന്മാരിലോ?" അവിടുന്ന് പറഞ്ഞു: "അവളുടെ പിതാവ്." ഞാൻ ചോദിച്ചു: "പിന്നെ ആരാണ്?" അവിടുന്ന് പറഞ്ഞു: "പിന്നെ ഉമറുബ്നുൽ ഖത്താബ്." (ബുഖാരി 3662, മുസ്ലിം 2384)

### വിശദീകരണം:

പ്രവാചക അനുചരന്മാരിൽ ഏറെ പ്രശസ്തനായിരുന്നു ആദരണീയനായ അംറ് ബ്ന് ആസ്(റ). ഈ വചനത്തിൽ അദ്ദേഹം ഒരിക്കൽ റസൂൽ(സ)നോട് അവിടുത്തേക്ക് ഏറ്റവും പ്രിയങ്കരനായ വ്യക്തിയെക്കുറിച്ച് ചോദിച്ച കാര്യമാണ് വിവരിക്കുന്നത്. ജനങ്ങളിൽ തനിക്കേറ്റവും പ്രിയമുള്ളത് സ്വപത്നി ആയിഷയോടെന്നായിരുന്നു നബി(സ)യുടെ മറുപടി.

അപ്പോൾ അംറ്(റ) ചോദിച്ചു: 'പുരുഷന്മാരിൽ അങ്ങേക്ക് ഏറ്റവും പ്രിയങ്കരൻ ആരാണ്?' അവിടുന്ന് പറഞ്ഞു: 'അവളുടെ പിതാവ്. അഥവാ ആയിഷ(റ) യുടെ പിതാവ്.' അത് അബൂബക്കർ സിദ്ധീഖ്(റ) ആണ്.

അംറ്(റ) പിന്നെയും ചോദിച്ചു: 'പിന്നീട് ആരോടാണ് പ്രിയം ?' നബി (സ)പറഞ്ഞു: 'ഉമർ ബിൻ ഖത്താബ്(റ).'

ആയിഷ(റ) അബൂബക്കർ(റ) ഉമർ(റ) എന്നീ മൂന്ന് സ്വഹാബിമാരുടേയും ശ്രേഷ്ഠതയാണിത്. റസൂൽ(സ)ക്ക് ജനങ്ങളിൽ ഏറ്റവും പ്രിയമുള്ളവർ ഇവരായിരുന്നു.

സഹാബിമാരിൽ ഏറ്റവും ശ്രേഷ്ഠർ നാല് ഖലീഫമാരാണ് എന്നതാണ് അഹ്ലുസുന്നത്തി വൽ ജമാഅത്തിന്റെ പക്ഷം. അവരുടെ ശ്രേഷ്ഠതയുടെ ക്രമം ഖിലാഫത്തിലെ അവരുടെ ക്രമം അനുസരിച്ചുമാണ്. ഏറ്റവും ശ്രേഷ്ഠൻ അബൂബക്കർ സിദ്ദീഖ്(റ) പിന്നീട് ഉമറുബ്നുൽ ഖത്താബ്(റ) പിന്നീട് ഉസ്മാൻ ഇബ്നു അഫ്ഫാൻ(റ) പിന്നീട് അലിയ്യുബ്നു അബീത്വാലിബ്(റ).

മുഹമ്മദ് നബിയുടെ ഉമ്മത്തിലെ ഏറ്റവും ശ്രേഷ്ഠർ ഇവരാണ്. സ്നേഹവും ആദരവും മഹത്വവും സംതൃപ്തിയും ഇവരോടും ഇവരല്ലാത്ത മറ്റു പ്രവാചക അനുചരന്മാരോടും ഉണ്ടാവൽ നമ്മുടെ നിർബന്ധ ബാധ്യതയാണ്. അവർ അല്ലാഹുവിനെ തൃപ്തിപ്പെട്ടിരിക്കുന്നു അല്ലാഹു അവരെയും .

# 38

അനസ് ബ്ൻ മാലിക്(റ) വിൽ നിന്ന് നിവേദനം അദ്ദേഹം പറഞ്ഞു; നബി(സ) ധാരാളമായി ഇങ്ങനെ പ്രാർഥിച്ചിരുന്നു: 'അല്ലാഹുവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാത്തുരക്ഷിക്കുകയും ചെയ്യേണമേ' (ബുഖാരി 6389, മുസ്ലിം 2690).

## വിശദീകരണം:

സൽകർമ്മങ്ങളിൽ ഏറ്റവും പ്രധാനം പ്രാർത്ഥനയാകുന്നു. അല്ലാഹുവിന്റെ ഏകത്വവും മഹത്വവും അത് വിളിച്ചോതുന്നു. അവന്റെ തൃപ്തിയും പാപമോചനവും കരുണയും സ്നേഹവും സ്വീകാര്യതയും അനുഗ്രഹവും നേടിയെടുക്കാനുള്ള കാരണവും മറ്റൊന്നല്ല.

നബി(സ) ധാരാളമായി പ്രാർത്ഥിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനകൾ സ്വഹീഹുൽ ബുഖാരി, സ്വഹീഹ് മുസ്ലിം, സുനനു തുർമുദി, സുനനു അബീ ദാവൂദ്, സുനനു നസാഇ, സുനനു ഇബ്നി മാജ തുടങ്ങിയവ പോലുള്ള ആറ് ഹദീസ് ഗ്രന്ഥങ്ങളിൽ പരന്നു കിടക്കുന്നുണ്ട്.

ധാരാളം പ്രാർത്ഥിക്കാറുണ്ടായിരുന്ന പ്രവാചകൻ(സ) കൂടുതൽ പ്രാർത്ഥിച്ചത് ഇങ്ങനെയായിരുന്നു. 'അല്ലാഹുവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ, പരലോകത്തും നീ നല്ലത് തരേണമേ. നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാത്തു രക്ഷിക്കുകയും ചെയ്യേണമേ' ഇത് വിശുദ്ധ ഖുർആനിൽ വന്ന മഹത്തായ പ്രാർത്ഥന കൂടിയാണ്. ഇഹപര നന്മകൾക്ക് വേണ്ടിയുള്ള തേട്ടം ഇതിലുൾകൊള്ളുന്നു.

ശൈഖ് അബ്ദുറഹ്മാൻ അസ്സഅദി (റ) പറയുന്നു: 'ഹലാലും സമൃദ്ധവുമായ ഉപജീവനം, സദ്വൃത്തയായ ഭാര്യ, കൺ കുളിർമ നൽകുന്ന സന്താനം, സൗഖ്യം, സന്തോഷം, ഉപകാരപ്രദമായ ജ്ഞാനം, സദ്വൃത്തികൾ തുടങ്ങി ഒരു വ്യക്തി ആഗ്രഹിക്കുന്നവയെല്ലാം ദുനിയാവിലെ നന്മയിൽ ഉൾപ്പെടുന്നു.' (തഫ്സീറു സഅദി സൂ. ബഖറ 201 ന്റെ വിശദീകരണം)

പരലോകത്തിലെ നന്മ എന്നാൽ ഖബ്റിലും മഹ്ഷറിലും നരകത്തിലുമുള്ള ശിക്ഷകളിൽ നിന്നുള്ള സുരക്ഷിതത്വം, അല്ലാഹുവിന്റെ പ്രീതി, ശാശ്വത വിജയം, കരുണാമയനായ നാഥന്റെ സാമിപ്യം എന്നിവയാണ്.

അതിനാൽ ഈ പ്രാർത്ഥന ഏറ്റവും ഉപകാരപ്രദവും സമഗ്രവുമായ പ്രാർത്ഥന യായിതീരുന്നു. അതുകൊണ്ടാണ് നബി(സ) ഈ പ്രാർത്ഥന അധികരിപ്പിച്ചതും മറ്റുള്ളവ രെ ഇങ്ങനെ പ്രാർത്ഥിക്കാൻ പ്രേരിപ്പിച്ചതും.

# 39

അബൂ ഹുറയ്റ(റ) നിന്ന് നിവേദനം, നബി(സ) പറഞ്ഞിരിക്കുന്നു: "മനുഷ്യൻ മരിച്ചാൽ അവന്റെ പ്രവർത്തനങ്ങളെല്ലാം മുറിഞ്ഞുപോകും, മൂന്ന് കാര്യങ്ങളൊഴികെ; സ്വദഖ ജാരിയ, ഉപകാരപ്രദമായ അറിവ്, അവന് വേണ്ടി പ്രാർത്ഥിക്കുന്ന സദ്വൃത്തരായ മക്കൾ എന്നിവായണത്" (മുസ്ലിം 1631).

## വിശദീകരണം:

അല്ലാഹുവിന്റെ കാരുണ്യത്തോടടുപ്പിക്കുകയും അവന്റെ കോപ ശിക്ഷകളിൽ നിന്ന് നിന്ന് രക്ഷപ്പെടുത്തുകയും ചെയ്യുന്ന സൽകർമ്മങ്ങൾ പ്രവർത്തിക്കുവാൻ സത്യവിശ്വാസികളായ അടിയാറുകളോട് അല്ലാഹു കൽപ്പിച്ചു.

മരണത്തോടെ മനുഷ്യരുടെ കർമങ്ങളിൽ മൂന്നു കാര്യങ്ങൾ ഒഴികെ മറ്റെല്ലാം മുറിഞ്ഞു പോകുമെന്ന് ഈ ഹദീസിൽ നബി(സ) പഠിപ്പിക്കുന്നു. മരണശേഷവും പ്രതിഫലം ലഭിച്ചു കൊണ്ടിരിക്കുന്നവയാണ് മൂന്ന് കാര്യങ്ങൾ.

ഒന്നാമത്തെ കാര്യം: ജീവിതകാലത്ത് നിർവഹിച്ച സ്വദഖ ജാരിയയിൽ പെട്ട ദാന ധർമ്മങ്ങളാണ്. ഉദാഹരണമായി ജീവിത കാലത്ത് കിണർ കുഴിച്ച് നൽകുക വഴി മരണശേഷവും അതിനുള്ള പ്രതിഫലം ലഭിക്കുന്നു. ആ കിണർ ഉപയോഗിക്കുമ്പോഴെല്ലാം അത് കുഴിച്ചു നൽകിയ വ്യക്തിക്ക് അതിനുള്ള പ്രതിഫലം ലഭിക്കും. അയാൾ കബറിൽ ആണെങ്കിൽ പോലും .

മസ്ജിദ്, ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയവ നിർമ്മിക്കുക, മുസ്ഹഫ് വിതരണം ചെയ്യുക തുടങ്ങിയവയെല്ലാം സ്വദഖ ജാരിയക്കുള്ള ഉദാഹരണങ്ങളാണ്.

രണ്ടാമത്തെ കാര്യം: ഉപകാരപ്രദമായ വിജ്ഞാനം. ഒരാൾ ഒരു ജനതയെ പഠിപ്പിക്കുന്നു, അവരെ ഉപദേശിക്കുകയും നേർവഴി കാണിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ ഒരു ഗ്രന്ഥം

രചിക്കുകയോ അതിന്റെ പ്രസിദ്ധീകരണത്തിലും വിതരണത്തിലും പങ്കാളിയാവുകയോ അല്ലെങ്കിൽ ഉപകാരപ്രദമായ ഒരു വിജ്ഞാനം പ്രചരിപ്പിക്കുകയോ ചെയ്താൽ ജീവിത കാലത്തും മരണശേഷവും അതിനുള്ള പ്രതിഫലം അയാൾക്ക് ലഭിക്കും.

മൂന്നാമത്തെ കാര്യം: സദ്വൃത്തരായ സന്താനം എന്ന് ഉദ്ദേശിച്ചതിൽ ആണും പെണ്ണും ഉൾപ്പെടുന്നു. ഒരാൾ തന്റെ സന്താനങ്ങളെ പോറ്റി വളർത്തുന്നു, അല്ലെങ്കിൽ ഒരു സ്ത്രീ തന്റെ സന്തതികളെ ശരിയായ പരിചരണത്തിൽ വളർത്തുന്നു, എങ്കിൽ ഇവയെല്ലാം അവരുടെ നന്മയുടെ തുലാസിൽ പരിഗണിക്കപ്പെടുന്ന സൽകർമ്മങ്ങൾ ആണ്. അപ്രകാരമാണ് സദ്വൃത്തനായ ഒരു മകനോ മകളോ തങ്ങളുടെ മാതാപിതാക്കൾക്ക് വേണ്ടി പ്രാർത്ഥിച്ചാൽ, അതിന് അല്ലാഹുവിനരികിൽ ഇരുവർക്കും പ്രതിഫലവും കൂലിയും ശ്രേഷ്ഠതയും ലഭിച്ചു കൊണ്ടിരിക്കും.



# 40

ജാബിർ ബിൻ അബ്ദുല്ല(റ)വിൽ നിന്ന് നിവേദനം, അല്ലാഹുവിന്റെ ദൂതർ(സ) പറഞ്ഞിരിക്കുന്നു: "ഓരോ വ്യക്തിയും അവർ മരിച്ച വിധം ഉയർത്തെഴുന്നേൽപ്പിക്കപ്പെടും." (മുസ്ലിം 2878)

## വിശദീകരണം:

ശുഭ പര്യവസാനത്തെ കുറിച്ചാണ് ഈ ഹദീസ് സംസാരിക്കുന്നത്. നബി(സ)യുടെ അനുചരന്മാർ മുതൽ ഇന്നോളമുള്ള സർവ്വ സദ്‌വൃത്തരും പ്രാധാന്യ പൂർവ്വം പരിഗണിച്ച മഹത്തായ കാര്യമാണിത്.

സത്യവിശ്വാസിയും സദ്‌വൃത്തരനും സൽകർമകാരിയുമായി ഒരാൾ ജീവിതത്തിന് വിട നൽകലാണ് ശുഭ പര്യവസാനം എന്നത് കൊണ്ടുള്ള വിവക്ഷ.

ഈ ഹദീസിൽ നമ്മുടെ പ്രവാചകൻ(സ) പഠിപ്പിക്കുന്നത് ഒരു മനുഷ്യൻ ഏതൊരു അവസ്ഥയി ലാണോ മരണമടയുന്നത് അതേ അവസ്ഥയിൽ ഖിയാമത്ത് നാളിൽ ഉയർത്തെഴുന്നേൽപ്പിക്കപ്പെടും എന്നാണ്. ഹജ്ജിനോ ഉംറക്കോ തൽബിയത്ത് നിർവഹിക്കുന്നവനായി ഒരാൾ മരണപ്പെട്ടാൽ തൽബിയത്ത് ചൊല്ലുന്നവനായി ഉയർത്തെഴുന്നേൽപ്പിക്കപ്പെടും, അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിക്കെ ഒരാൾ മരണപ്പെട്ടാൽ അവൻ ഉയർത്തെഴുന്നേൽപ്പിക്കപ്പെടുക അല്ലാഹുവിനെ സ്മരിക്കുന്നവനായിട്ടായിരിക്കും. ഇനി തെറ്റ് ചെയ്തു കൊണ്ടിരിക്കെ ഒരാൾ മരണപ്പെട്ടാൽ ആ തെറ്റ്

ചെയ്യുന്നവനായി ഉയർത്തെഴുന്നേൽപ്പിക്കപ്പെടും.

അല്ലാഹുവിനോട് രക്ഷയും വിട്ടുവീഴ്ചയും തേടുക .

അതിനാൽ ദുഷ്കർമ്മങ്ങളിൽ നിന്ന് അകന്നു നിൽക്കൽ നമ്മുടെ ബാധ്യതയാണ്. ശുഭകരമായ പര്യാവസാനത്തിനായും ഉയർത്തെഴുന്നേൽപ്പ് നാളിൽ അല്ലാഹുവിന്റെ സംതൃപ്തിയിലും പാപമോചനത്തിലും കരുണയിലും ഉയർത്തെഴുന്നേൽക്കാൻ വേണ്ടിയും നമ്മുടെ സമയങ്ങൾ സൽകർമ്മങ്ങളാൽ നിരതമാവട്ടെ.

1- عن عبدِ اللهِ بنِ عُمَرَ بنِ الخطَّابِ رضي الله عنه قال: قال رسول الله صلى الله عليه وسلم: **«بُني الإسلامُ على خمسٍ: شهادةِ أن لّا إلٰهَ إلّا اللهُ، وأنَّ محمَّدًا رسولُ اللهِ، وإقامِ الصلاةِ، وإيتاءِ الزَّكاةِ، والحجِّ، وصومِ رمضانَ».** متفق عليه

2- عن أنسِ بن مالكٍ رضي الله عنه قال: سُئِل النبيُّ صلى الله عليه وسلم عن الكبائر، فقال: **«الإشْرَاكُ باللهِ، وعُقُوقُ الوالِدَينِ، وقتلُ النَّفْسِ، وشهادةُ الزُّورِ».** متفق عليه

3- عن عبد الله بن عمرو رضي الله عنهما قال: قال رسول الله صلى الله عليه وسلم: **«المُسلِمُ: مَن سَلِمَ المُسْلِمونَ مِن لسانِه ويَدِه».** متفق عليه

4- عن أبي هريرة رضي الله عنه قال: قال رسول الله صلى الله عليه وسلم: **«آيةُ المُنافقِ ثلاثٌ: إذا حدَّثَ كَذَبَ، وإذا وعَدَ أَخْلَفَ، وإذا اؤْتُمِنَ خانَ».** متفق عليه

5- عن جابر بن عبد الله رضي الله عنه، قال: قال رسول الله صلى الله عليه وسلم: **«بين الرجُلِ وبين الشِّركِ والكفرِ ترْكُ الصَّلاةِ»**. رواه مسلم

6- عن أبي هريرة رضي الله عنه، قال: قال رسول الله صلى الله عليه وسلم: **«المؤمنُ القويُّ خيرٌ وأحبُّ إلى الله من المؤمنِ الضعيف، وفي كُلٍّ خير»**. رواه مسلم

7-عن عثمانَ بنِ عفَّانَ رضي الله عنه، قال: قال رسول الله صلى الله عليه وسلم: **«من توضَّأَ لِلصَّلاةِ فأَسْبَغَ الوُضوءَ، ثُمَّ مشى إلى الصَّلاةِ المكتُوبةِ فصلَّاها مع الجماعةِ، غفرَ اللهُ له ذنوبَه»**. رواه مسلم

8- عن أبي هريرة رضي الله عنه، قال: قال رسول الله صلى الله عليه وسلم: **«من كذَبَ عليَّ مُتعمِّدًا فَلْيَتَبَوَّأْ مقعَدَهُ من النَّار»**. متفق عليه

9- عن عبد الله بن مسعود رضي الله عنه، قال: قال رسول الله صلى الله عليه وسلم: **«لا يدخلُ الجنَّةَ مَن كان في قلبِه مِثقالُ ذَرَّةٍ مِن كِبْرٍ»**. رواه مسلم

10- عن عثمانَ بنِ عفَّانَ رضي الله عنه، قال: قال رسول الله ﷺ: **«خيرُكم مَن تعلَّمَ القُرْآنَ وعلَّمَه»**. رواه البخاري

11- عن أبي هريرة رضي الله عنه، قال: قال رسول الله ﷺ: **«كلمتانِ خفيفتانِ على اللسان، ثقيلتانِ في الميزان، حبيبتانِ إلى الرحمن: سبحانَ اللهِ وبِحَمْده، سبحانَ اللهِ العظيم»**. متفق عليه

12- عن أبي هريرة رضي الله عنه، قال: **«أَوصاني خليلي ﷺ بِثلاثٍ: صيامِ ثلاثة أيَّامٍ مِن كُلِّ شَهرٍ، وَرَكْعتي الضُّحَى، وأَن أُوتِرَ قبل أن أنام»**. متفق عليه

13- عن أبي هريرة رضي الله عنه، قال: قال رسول الله ﷺ: **«أَقرَبُ ما يكونُ العبدُ مِن ربِّه وهو ساجِدٌ، فأَكْثِرُوا الدُّعاءَ»**. رواه مسلم

14- عن ثابت بن الضَّحَّاكِ رضي الله عنه، قال: قال رسول الله صلى الله عليه وسلم: **«لَعْنُ المُؤْمِنِ كَقَتْلِه»**. متَّفقٌ عليه

15- عن أبي هريرة رضي الله عنه، قال: قال رسول الله صلى الله عليه وسلم: **«قال اللهُ تبارك وتعالَى: يا ابْنَ آدمَ، أَنْفِقْ أُنْفِقْ عليك»**. متفق عليه

16- عن أبي هريرة رضي الله عنه، قال: قال رسول الله صلى الله عليه وسلم: **«ما يُصيبُ المُسلِمَ مِن نَصَبٍ ولا وَصَبٍ، وَلا هَمٍّ وَلَا حَزَنٍ، ولا أَذًى ولا غَمٍّ، حتَّى الشَّوْكَة يُشاكُها، إلَّا كَفَّرَ اللهُ بها مِن خَطاياه»**. متفق عليه

17- عن أبي هريرة رضي الله عنه، قال: قال رسول الله صلى الله عليه وسلم: **«لا تَدخلُونَ الجنَّةَ حتى تُؤْمِنُوا، ولا تُؤمِنُوا حتَّى تَحَابُّوا، أَوَلا أَدُلُّكُم على شَيءٍ إذا فَعَلتُمُوهُ تَحابَبْتُم؟ أَفْشُوا السَّلامَ بينكم»**. رواه مسلم

18- عن أبي سعيدٍ الخُدْري رضي الله عنه، قال: قال رسول الله صلى الله عليه وسلم: «**لا يَنظُرُ الرَّجلُ إلى عَورَةِ الرَّجُلِ، ولا المَرَأةُ إلى عَورَةِ المَرأَة**». رواه مسلم

19- عن الصَّعْبِ بنِ جَثَّامَةَ رضي الله عنه: أنه أَهْدَى إلى رسول الله صلى الله عليه وسلم صيدًا، فردَّه النبي صلى الله عليه وسلم عليه ولم يقْبَلْه منه، فلمَّا رأى النبيُّ صلى الله عليه وسلم ما في وجهه من الحُزْن، قال: «**إِنَّا لم نَرُدَّهُ عليك إلَّا أَنَّا حُرُمٌ**». متفق عليه

20- عن حذيفة بن اليَمَانِ رضي الله عنه، قال: قال رسول الله صلى الله عليه وسلم: «**لا يدخلُ الجنَّةَ قتَّاتٌ**». متفق عليه

21- عن أنس بن مالك رضي الله عنه، قال: قال رسول الله صلى الله عليه وسلم: «**ما مِن مُسلمٍ يَغرِسُ غَرْسًا، أو يَزْرَعُ زرعًا، فيأكل منه طيرٌ أو إنسانٌ أو بهيمةٌ، إلَّا كان له به صدقة**». متفق عليه

22- عن أبي هريرةَ ﷺ، قال: كان لرجلٍ على رسول الله ﷺ دَيْن، فجاء يتقاضاه وأَغْلَظ، فَهَمَّ به أصحابُ النبيِّ ﷺ: فقال النبيُّ ﷺ: **«دَعُوهُ؛ فإنَّ لِصاحبِ الحَقِّ مَقَالًا»**. متفق عليه

23- عن أبي قتادةَ ﷺ، قال: قال رسول الله ﷺ: **«مَن سَرَّهُ أن يُنْجِيَهُ اللهُ مِن كُرَبِ يومِ القيامة، فلْيُنَفِّسْ عن مُعْسِرٍ، أو يَضَعْ عَنه»**. رواه مسلم

24- عن أبي هريرة ﷺ، قال: قال رسول الله ﷺ: **«مَن غشَّنا فلَيس مِنَّا»**. رواه مسلم

25- عن أبي أُمَامَةَ ﷺ، قال: قال رسول الله ﷺ: **«من اقْتطَعَ حَقَّ امْرِئٍ مُسلِمٍ بيَمينِه، فقد أَوجَبَ اللهُ له النَّارَ، وحَرَّمَ عليه الجَنَّة»**، فقال رجل: يا رسولَ الله، وإن كان شيئًا يسيرًا؟ قال: **«وإِنْ قَضِيبًا مِن أَرَاكٍ»**. رواه مسلم

26- عن أبي موسى الأشعريِّ ﵁، أنَّ النبيَّ ﷺ بعَثَهُ ومعاذًا إلى اليَمَن، وقال لهما: «**يَسِّرَا ولا تُعَسِّرَا، وبَشِّرَا ولا تُنَفِّرَا، وتَطَاوَعَا ولا تَخْتَلِفَا**». متفق عليه

27- عن أبي موسى الأشعريِّ ﵁، قال: قال رسول الله ﷺ: «**من حَمَلَ عَلَينا السِّلاحَ فلَيس مِنَّا**». متفق عليه

28- عن عبد الله بن مُغَفَّلٍ ﵁، أنَّ رسول الله ﷺ نَهَى عن الخَذْفِ، وقال: «**إنَّها لا تَصِيدُ صَيدًا، ولا تَنْكَأُ عَدُوًّا، ولكِنَّهَا تَكسِرُ السِّنَّ، وَتفْقَأُ العَيْنَ**». متفق عليه

29- عن أنس بن مالك ﵁، قال: «**خَدَمْتُ النَّبِيَّ ﷺ عَشْرَ سِنِينَ، فما قال لِي أُفٍّ قَطُّ**». متفق عليه

30- عن أبي هريرة رضي الله عنه، قال: قال رسول الله صلى الله عليه وسلم: **«إذا قامَ أَحَدُكم مِن مَجْلِسِه ثُمَّ رجع إليه، فَهُوَ أَحَقُّ به»**. رواه مسلم

31- عن أبي هريرةَ رضي الله عنه، قال: قال رسول الله صلى الله عليه وسلم: **«حقُّ المُسلمِ على المُسلم سِتٌّ: إذا لَقِيتَهُ فَسَلِّمْ عليه، وإذا دعاك فأجِبْهُ، وإذا اسْتَنْصَحَكَ فَانْصَحْ لَهُ، وَإِذَا عَطَسَ فَحمِدَ اللهَ فَشَمِّتْهُ، وإذا مَرِضَ فَعُدْهُ، وإذا ماتَ فَاتبَعْه»**.

32- عن أبي سعيد الخدري رضي الله عنه، قال: قال رسول الله صلى الله عليه وسلم: **«أَعْطُوا الطَّرِيقَ حَقَّهُ»**، قالوا: وما حقُّه؟ قال: **«غَضُّ البَصَرِ، وَكَفُّ الْأَذَى، ورَدُّ السَّلامِ، وَالأَمْرُ بِالمَعرُوفِ وَالنَّهيُ عَنِ المُنكَر»**. متفق عليه

33- عن عبد الله بن عُمَرَ رضي الله عنهما، قال: قال رسول الله صلى الله عليه وسلم: **«ما حَقُّ امرِئٍ مُسلِمٍ لَهُ شَيءٌ يُوصِي فِيه، يَبِيتُ لَيلَتَينِ إِلَّا وَوَصِيَّتُهُ مَكتُوبَةٌ عِندَه»**. متفق عليه

34- عن عبد الله بن عُمَرَ رضي الله عنهما، قال: قال رسول الله ﷺ: **«إِنَّ اللهَ يَنهاكُم أَن تَحْلِفُوا بِآبَائِكُم، مَن كان حَالِفًا فَلْيَحْلِفْ بِاللهِ أَوْ لِيَصْمُتْ»**. متّفقٌ عليه

35- عن أبي هريرةَ رضي الله عنه قال: **«مَا عَابَ النَّبِيُّ ﷺ طعامًا قَطُّ، إِنِ اشْتَهاهُ أَكَلَهُ، وَإِلَّا تَرَكَهُ»**. متفق عليه

36- عن البراء بن عازبٍ رضي الله عنه، قال: **«كَانَ رَسُولُ اللهِ ﷺ أَحسَنَ النَّاسِ وَجْهًا، وَأَحْسَنَهُمْ خَلْقًا، لَيسَ بِالطَّوِيلِ الْبَائِنِ، وَلَا بِالْقَصِيرِ»**. متفق عليه

37- عن عَمْرو بن العاص رضي الله عنه، قال: سألتُ النبيَّ ﷺ: أيُّ الناس أَحَبُّ إليك؟ قال: «عَائِشَةُ»، فقلتُ: مِنَ الرجال؟ قال: **«أَبُوهَا»**، قلت: ثُمَّ مَنْ؟ قال: **«ثُمَّ عُمَرُ بنُ الخطَّاب»**. متفق عليه

38- عن أنس بن مالكٍ ﵁، قال: كان أكثر دعاء النبيِّ ﷺ:

**«اللَّهُمَّ آتِنَا في الدُّنيا حَسَنَةً وفي الآخِرَةِ حَسَنَةً، وَقِنَا عذابَ النَّارِ»**. متفق عليه

39- عن أبي هريرة ﵁، قال: قال رسول الله ﷺ: **«إذا ماتَ الإنسانُ انقَطَعَ عَمَلُهُ إلَّا مِن ثلاثةٍ: إلَّا مِن صدقةٍ جاريةٍ، أو عِلمٍ يُنْتَفَعُ به، أو ولدٍ صالِحٍ يَدْعُو له»**. رواه مسلم

40- عن جابر بن عبد الله ﵄، قال: قال رسول الله ﷺ: **«يُبْعَثُ كُلُّ عَبدٍ على ما ماتَ عليه»**. رواه مسلم

# ഉള്ളടക്കം


ഹദീസ് - 1 'ഇസ്‌ലാം നിർമിതമായത് അഞ്ച് ...'

ഹദീസ് - 2 'വൻപാപങ്ങൾ; അല്ലാഹുവിൽ പങ്ക് ചേർക്കൽ , മാതാപിതാക്കളെ ദ്രോഹിക്കൽ.......'

ഹദീസ് - 3 'മുസ്‌ലിം എന്നാൽ മറ്റു മുസ്ലിംകൾ അവന്റെ കയ്യിൽ നിന്നും നാവിൽ നിന്നും......'

ഹദീസ് - 4 'കപട വിശ്വാസിയുടെ ലക്ഷണങ്ങൾ മൂന്നെണ്ണമാണ് ....'

ഹദീസ് - 5 'ഒരു വ്യക്തിയുടെയും കുഫ്റിന്റെയും ശിർക്കിന്റെയും ഇടയിലുള്ളത് നമസ്കാരം ഉപേക്ഷിക്കലാണ്'

ഹദീസ് - 6 'ശക്തനായ വിശ്വാസിയാണ് അല്ലാഹുവിലേക്ക് ഏറ്റവും ഇഷ്ട്ടം...'

ഹദീസ് - 7 'ആരെങ്കിലും വുദു എടുക്കുകയും വുദു നന്നാക്കുകയും...'

ഹദീസ് - 8 'ആരെങ്കിലും എന്റെ പേരിൽ മനപ്പൂർവം കളവ് പറഞ്ഞാൽ...'

ഹദീസ് - 9 'ഹൃദയത്തിൽ അണുമണിത്തൂക്കം അഹങ്കാരം ഉള്ളവൻ സ്വർഗത്തിൽ പ്രവേശിക്കില്ല'

ഹദീസ് - 10 'നിങ്ങളിൽ ഉത്തമർ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ്'

ഹദീസ് - 11 'നാവുകൾക്ക് ലഘുവായ രണ്ട് വാക്യങ്ങൾ..'

ഹദീസ് - 12 'എന്റെ കൂട്ടുകാരൻ എന്നോട് മൂന്ന് കാര്യങ്ങൾ ഉപദേശിച്ചു...'

ഹദീസ് - 13 'ഒരു അടിമ തന്റെ രക്ഷിതാവിനോട് ഏറ്റവും സമീപ സ്ഥനായിരിക്കുന്നത് ...'

ഹദീസ് - 14 'സത്യവിശ്വാസിയെ ശപിക്കുന്നത് അവനെ വധിക്കുന്നത് പോലെയാണ്"

ഹദീസ് - 15 'ആദമിന്റെ മകനെ നീ ചിലവഴിക്കുക, എങ്കിൽ നിന്റെ മേൽ ചില വഴിക്കപ്പെടും'

ഹദീസ് - 16 'ഒരു മുസ്ലിമിന് പ്രയാസമോ, ക്ഷീണമോ ബാധിക്കുന്നില്ല...'

ഹദീസ് - 17 'സത്യവിശ്വാസികളാവാതെ നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല..'

ഹദീസ് - 18 'ഒരു പുരുഷൻ മറ്റൊരു പുരുഷൻറെ നഗ്നതയിലേക്കു നോക്കരുത്...'

ഹദീസ് - 19 'തീർച്ചയായും താങ്കൾക്ക് ഇത് ഞാൻ തിരികെ നൽകിയത് ഇഹ്റാമിൽ ആയതുകൊണ്ട് മാത്രമാണ്"

ഹദീസ് - 20 'ഏഷണിക്കാരൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല'

ഹദീസ് - 21 'ഒരു മുസ്‌ലിം ചെടി നടുന്നു , കൃഷി ചെയ്യുന്നു .....'

ഹദീസ് - 22 'അയാളെ വിടു. തീർച്ചയായും അവകാശികൾക്ക് സംസാരിക്കാൻ അവകാശമുണ്ട്"

ഹദീസ് - 23 'ഉയർത്തെഴുന്നേൽപ്പ് നാളിലെ പ്രയാസങ്ങളിൽ നിന്ന് അല്ലാഹുവിന്റെ രക്ഷ ലഭിക്കാൻ ആഗ്രഹിക്കുന്നവരാരോ...'

ഹദീസ് - 24 'വഞ്ചിക്കുന്നവൻ നമ്മിൽ പെട്ടവനല്ല'

ഹദീസ് - 25 'സത്യം ചെയ്ത് മുസ്ലിംകളുടെ അവകാശം തട്ടിയെടുക്കുന്നവന്...'

ഹദീസ് - 26 'നിങ്ങൾ എളുപ്പമുണ്ടാക്കുക, പ്രയാസമുണ്ടാക്കരുത്..'

ഹദീസ് - 27 'നമുക്ക് (മുസ്ലിംകൾക്ക്) എതിരിൽ ആയുധം എടുക്കുന്നവൻ നമ്മിൽ പെട്ടവനല്ല'

ഹദീസ് - 28 'നബി(സ) കവണയേർ നിരോധിച്ചു'

ഹദീസ് - 29 'പത്തുവർഷം നബി(സ)ക്ക് ഞാൻ സേവനം ചെയ്തു...'

ഹദീസ് - 30 'നിങ്ങളിലൊരാൾ ഒരു ഇരിപ്പിടത്തിൽ നിന്ന് എഴുന്നേൽക്കുകയും പിന്നീട് അതിലേക്ക് തന്നെ മടങ്ങുകയും ചെയ്താൽ..'

ഹദീസ് - 31 'ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമിനോടുള്ള കടമകൾ ആറാകുന്നു...'

ഹദീസ് - 32 'നിങ്ങൾ വഴിയുടെ അവകാശങ്ങൾ വകവെച്ചു കൊടുക്കുക.....'

ഹദീസ് - 33 'തനിക്ക് വസിയ്യത്ത് ചെയ്യേണ്ട ഒരു കാര്യമുണ്ടായിരിക്കെ ...'

ഹദീസ് - 34 'തീർച്ചയായും നിങ്ങളുടെ പിതാക്കളുടെ പേരിൽ സത്യം ചെയ്യുന്നത് അല്ലാഹു നിങ്ങളോട് വിരോധിച്ചിരിക്കുന്നു...'

ഹദീസ് - 35 'നബി (സ) ഒരിക്കൽ പോലും ഒരു ഭക്ഷണത്തെയും കുറ്റം പറഞ്ഞിട്ടില്ല..'

ഹദീസ് - 36 'അല്ലാഹുവിന്റെ തിരുദൂതർ (സ) മനുഷ്യരിൽ ഏറ്റവും സുമുഖനും സൽസ്വഭാവിയുമായിരുന്നു..'

ഹദീസ് - 37 'താങ്കൾക്ക് ഏറ്റവും ഇഷ്ടമുള്ള വ്യക്തി ആരാണ്?...'

ഹദീസ് - 38 'അല്ലാഹുവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും...'

ഹദീസ് - 39 'മനുഷ്യൻ മരിച്ചാൽ അവന്റെ പ്രവർത്തനങ്ങളെല്ലാം മുറിഞ്ഞുപോകും ....'

ഹദീസ്- 40 'ഓരോ വ്യക്തിയും അവർ മരിച്ച വിധം ഉയർത്തെഴുന്നേൽപ്പിക്കപ്പെടും'

**MALAYALAM**

- ഈ പുസ്തകം കുട്ടികൾക്കും മുതിർന്നവർക്കും അനുയോജ്യമായതാണ്. ഇതിൽ ആയത്തുകളോ ഹദീസുകളോ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിലെ ഉപകാരപ്രദമായ ഉദ്ധരണികളോ ആശയങ്ങളോ മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

- മനഃപാഠമാക്കുന്നതിന് സൗകര്യപ്പെടാൻ വേണ്ടിയാണ് ചെറു ഹദീസുകൾ തിരഞ്ഞെടുത്തിട്ടുള്ളത്, ഇതിൽ നിന്നുള്ള ഉപകാരം മഹത്തരമാകുവാൻ വേണ്ടി വൈവിധ്യമാർന്ന വിഷയങ്ങളും തിരഞ്ഞെടുത്തിരിക്കുന്നു.

- ഈ പുസ്തകത്തിന്റെ അവസാനത്തിൽ ഹദീസുകൾ ക്രമത്തിൽ ഞാൻ പട്ടികപ്പെടുത്തിയിട്ടുണ്ട്, അതുവഴി ഇത് മനഃപാഠമാക്കാനും അവലോകനം നടത്താനും എളുപ്പവും സഹായകരവുമാകും.

- പ്രധാനമായും ഈ നാല്പത് ഹദീസുകൾ ക്രോഡീകരിച്ചിട്ടുള്ളത് കുട്ടികൾ അത് മനഃപാഠമാക്കണം എന്ന ലക്ഷ്യത്തോടെയാണ്. അത് കൊണ്ട് തന്നെ ഇതിന്റെ അടിസ്ഥാനത്തിൽ വീടുകളിലും മദ്റസകളിലും കൂട്ടായ്മകളിലും മറ്റും മനഃപാഠ മത്സരങ്ങളും പ്രോഗ്രാമുകളും സംഘടിപ്പിക്കണമെന്ന് താത്പര്യപ്പെടുന്നു.

- മാതാപിതാക്കളും അധ്യാപകരും കുട്ടികളോടൊപ്പം ഇത് വായിക്കുന്നതിലൂടെ മനഃപാഠമാക്കുന്നതിന് മുമ്പായി കുട്ടികൾക്ക് ഇതിന്റെ ശരിയായ വായന മനസ്സിലാക്കാനും ഈ ഹദീസുകളിൽ അടങ്ങിയിക്കുന്ന ഇസ്‌ലാമിക മര്യാദകൾ പഠിക്കാനും സാധിക്കും.

- ഹദീസുകളുടെ വിശദീകരണത്തിൽ ഞാൻ പല ആശയങ്ങളും പാഠങ്ങളും നിർദ്ദേശങ്ങളും സൂചിപ്പിച്ചിട്ടുണ്ടെങ്കിലും, അതിൽ പരാമർശിക്കപ്പെടാത്ത നിരവധി ആശയങ്ങളും പാഠങ്ങളും നിർദ്ദേശങ്ങളും കൂടിയുണ്ട്.

മുഹമ്മദ് ഇബ്നു സുലൈമാൻ ഇബ്നു അബ്ദുല്ലാഹ് അൽ മുഹന്ന

مركز أصول
Osoul Center
www.osoulcenter.com